# THE KUDUMBA DEEPAM.



Vol. VI.) February 1935. (No. 2.

## വിഷയവിവരം.


1. ഒരു പ്രാർത്ഥന ........................ 33.
2. ദൈവജനനിയുടെ ശുദ്ധീകരണം ........................ 34.
3. ഓക്സ്ഫോർഡ് പ്രസ്ഥാനം ........................ 36.
4. ക്രിസ്തീയ കുടുംബം ........................ 39.
5. ക്രിസ്മസ്സും നവവത്സരവും ........................ 44.
6. വി. കൊച്ചുത്രേസ്യാ തീവണ്ടിപ്പാതയിൽ ........................ 45.
7. കാരണം മനസ്സിലായി ........................ 50.
8. ആശ്രയം, തിരുഹൃദയം ........................ 55.
9. ജ്ഞാനസ്നാനകർമ്മം ........................ ,,
10. പൊതുനിയോഗം ........................ 60.
11. കുറിപ്പുകൾ ........................ 61.


"ക്ഷമയാം തോണി കേറീട്ടു വി[illegible]

കുടുംബഭരണാംഭോധി സാവധാ[illegible]

# ഡോക്ടർ നിഷിമൂറ ഡി. എസ്സ്.

# ജാപ്പാനീസ് ദന്തവൈദ്യൻ.



## എറണാകുളം.

പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമ പല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.

---

## നിലങ്കാരിച്ചൂർണ്ണം.

നിങ്ങളുടെ കുട്ടികളെ ൩ മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തിസ്പർശം കൂടാതെ പറയാം.

ഒരു കുപ്പിക്കു വില ക. ൨-൰൨-൦

## കാസശ്വാസനിവാരണി.

നിങ്ങൾ പല ഔഷധങ്ങൾ ഉപയോഗിച്ചിട്ടും ഏങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീർച്ചയായിട്ടും സുഖം കിട്ടും.

കുപ്പി ഒന്നിനു ക. ൧-൮-൦

## പ്രമേഹസംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂർണ്ണസുഖമാകുന്നതാണ്.

ഒരു കുപ്പിക്കു വില ക. ൧-൰൨-൦

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണു. ദോഷകകരമായ വീഞ്ഞു: അഗ്നിമാന്ദ്യ, ശിരസ്സ്ഥോതം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു്. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു്. 'ഹമിന': എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള സിദ്ധൌഷധങ്ങളും തയ്യാറുണ്ടു്. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സർട്ടിഫിക്കേറ്റുകൾ കിട്ടീട്ടുണ്ടു്.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,
നമ്പ്ര് ൧൧, കോഴിക്കോട്, മലബാർ

---

# മാസ്യവരിക്കാർ അറിവാൻ.

ആലപ്പുഴ, പുളിങ്കുന്നു, കാവാലം, കൈനടി, നീലംപേരൂർ, ചങ്ങനാശ്ശേരി, മുണ്ടക്കയം എന്നീ അഞ്ചൽ അതിർത്തികളിൽപ്പെട്ട സ്ഥലങ്ങളിൽ മി. പടിഞ്ഞാറമ്പിൽ ഇത്താക്കു ജോസഫ് വരിപ്പണം പിരിക്കുവാനും പുതിയ വരിക്കാരെ ചേർക്കുവാനുമായി ഈ മാസത്തിൽ സഞ്ചരിക്കുന്നതാണ്. മാസ്യവരിക്കാർ അദ്ദേഹത്തിനു അനാവശ്യ താമസത്തിനിടയാക്കാതെ പണം കൊടുത്തു മാനേജരുടെ ഒപ്പോടുകൂടിയ അച്ചടിച്ച രസീതു വാങ്ങിക്കൊള്ളണമെന്നപേക്ഷ,

മാനേജർ, കുടുംബദീപം.



വ. ക. മറിയത്തിന്റെ ശുദ്ധീകരണം.

# കുടുംബദീപം.

പുസ്തകം ൩ | ഫെബ്രുവരി ൧൯൩൬. | ലക്കം ൨

## ഒരു പ്രാർത്ഥന.

(കഴുത്തിൽ വിഴുന്തമാലൈ എ. മ.)

(ജി. മുല്ലർ.)

1. പരലോകാലയംവിട്ടു, നരകുലാവനംചെയ്യാൻ
നരനായിട്ടവതാരംചെയ്തു നാഥാ,

2. നരകുലകളങ്കംപോൽ കപാലമലമുകളി-
ലരാതികൾ ചതിചെയ്തോരേശുപരാ,

3. പരഗതിയടയുവാൻ ജനനിരയോടുമാർഗ്ഗം
കുരിശൊന്നുമാത്രമെന്നങ്ങുരച്ച നാഥാ,

4. പരമബലിയായ് നിത്യമുപകാരികയിൽവാഴും
വരദനഖിലനരകുലദൈവമേ,

5. വരത്തിനായ് പ്രാർത്ഥിക്കുന്നോരടിയനെ തൃക്കണ്ണാക്കു;
അരുതെയെൻപാപമോർത്തിട്ടുഴൽമനസ്സിൽ.

6. പരത്തിനുമിഹത്തിനും നടുവിലായ് ക്രൂശിൽ തൂങ്ങി
മരിക്കുമെൻ ജീവനാഥാ കൈതൊഴുന്നേൻ.

7. തവതിരുനാമമെന്നും ഭജനം ചെയ്തിടുവാൻമേ-
യവികലമരുളണെ, നൽവരങ്ങൾ !

8. പിഴചെയ്തോരെങ്കിലും നിൻ കഴൽതൊഴുന്നവരുടെ-
യഴലൊഴിച്ചാത്മരക്ഷ ചെയ്യും നാഥാ,

9. മരണവേളയിൽ നിൻതൃക്കരത്തെ ഗ്രഹിച്ചാമോദം
"കരകടന്നിടുവാൻ" മേ വരം തരണെ ! !

# ദൈവജനനിയുടെ ശുദ്ധീകരണം.

യഹൂദനിയമാനുസരണം പരിശുദ്ധ കന്യക തന്റെ ദിവ്യ പുത്രനെ ദൈവത്തിനു സമർപ്പിക്കുന്നതിനും തന്റെ ശുദ്ധീകരണകർമ്മം യഥാവിധി നിർവ്വഹിക്കുന്നതിനുമായി വിനയപുരസ്സരം യെറുസ്ലേമിൽ പോയിരുന്നുവെന്നു വിശുദ്ധ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു.

ദേവമാതാവിന്റെ ഈ നിയമനിർവ്വഹണം ഒരു വലിയ വിനയപ്രവൃത്തിയെയാണ് പ്രത്യക്ഷപ്പെടുത്തുന്നത്. ഈ ചട്ടപ്രകാരം ഒരു ആൺകുട്ടിയുടേയോ പെൺകുട്ടിയുടേയോ അമ്മയായിത്തീരുന്ന സ്ത്രീ യഥാക്രമം നാല്പതോ എമ്പതോ ദിവസം കഴിഞ്ഞു ദേവാലയത്തിൽ ഹാജരായി ഒരു ബലി സമർപ്പിച്ചു ശുദ്ധയായിത്തീരണമെന്നു നിർബന്ധമുണ്ട്. ഈ നിയമം ആദത്തിന്റെ പാപത്തിനു ഒരു പരിഹാരമായി നിശ്ചയിച്ചിരുന്നതാകകൊണ്ടു പരിശുദ്ധ കന്യകയെ അതു് ഒരുവിധത്തിലും ബാധിക്കുന്നതല്ലല്ലൊ. ദൈവനിശ്ചയപ്രകാരം എല്ലാക്കാലത്തും കന്യകയായിരുന്ന ദേവമാതാവു് ക്ലേശപൂർണ്ണമായ ഒരു യാത്രചെയ്തു നിയമപ്രകാരം ഒരു ബലി സമർപ്പിക്കേണ്ട ആവശ്യമില്ലെങ്കിലും തിരുക്കുടുംബത്തിനു സഹജമായ വിനയം പരിശുദ്ധ കന്യകയെ ഈ നിയമാനുഷ്ഠാനത്തിനു പ്രേരിപ്പിക്കതന്നെ ചെയ്തു.

സ്ത്രീകളിൽവെച്ചു പരിശുദ്ധയും ദൈവത്താൽ പ്രത്യേകവിധത്തിൽ അനുഗ്രഹീതയുമായ മറിയം മററുള്ള സ്ത്രീകളോടു തുല്യമായ ഒരു നിലയെ പ്രാപിക്കുന്നതിനും തന്റെ മൌനത്താൽ താൻ ഇതര സ്ത്രീകളെപ്പോലെ മലിനയാണെന്നു മററുള്ളവർ മനസ്സിലാക്കുന്നതിനും അവസരം നൽകിയതു് എന്തിനാണെന്നു ഇവിടെ ഒരു ചോദ്യത്തിനു അവകാശമുണ്ടു്. ദേവമാതാവിനു തന്റെ തിരുക്കുമാരനെ അനുകരിക്കുവാൻ അതിയായ ആഗ്രഹമുണ്ടായിരുന്നതിനാലാണ് അവൾ ഇപ്രകാരം ചെയ്തതെന്നു പല ഗ്രന്ഥകാരന്മാരും രേഖപ്പെടുത്തിയിരിക്കുന്നു. ഈശോമിശിഹാ ശിശുക്കളെ സംബന്ധിക്കുന്ന ഛേദനാചാരത്തിനു വ്ഴിപ്പെട്ടതുപോലെ തന്റെ മാതാവു തന്നെ അനുകരിച്ചു സ്ത്രീകളെ ബാധിക്കുന്ന നിയമങ്ങളെ നിർവ്വഹിച്ചുവെന്നേ പറയേണ്ട

തുള്ള.

പരിശുദ്ധ കന്യക നിയമപ്രകാരം പ്രവൎത്തിക്കാതിരുന്നെങ്കിൽ അവളുടെ അത്ഭുതകരമായ കന്യകാത്വം മററുള്ളവരെ ഗ്രഹിപ്പിക്കുന്നതിനൊ അല്ലെങ്കിൽ മററുള്ളവൎക്കു നിയമലംഘനം നിമിത്തം ഉതപ്പു കൊടുക്കുന്നതിനോ അവൾ നിൎബ്ബന്ധിതയായിത്തീരുമായിരുന്നു. മാതൃകാജീവിതവും വിവേകവുമാണ് അവളെ ഇതിലേക്കു പ്രേരിപ്പിച്ചതെന്നു പ്രത്യേകം പറയേണ്ടതായിട്ടില്ല. അവളുടെ പരസ്നേഹം മററുള്ളവൎക്കു ഉതപ്പു കൊടുക്കുന്നതിനു അവളെ അനുവദിച്ചില്ല; ദൈവത്തിന്റെ രഹസ്യങ്ങളെ വെളിപ്പെടുത്തുന്നതിനുള്ള അധികാരം അവൾ സ്വയം സ്വീകരിച്ചതുമില്ല. അതുകൊണ്ടു അവൾ ലോകരുടെ മുമ്പാകെ മൌനം ദീക്ഷിച്ചു അവളുടെ പരിശുദ്ധ ഭൎത്താവിനെപ്പോലും അവൾ ഇക്കാൎയ്യം അറിയിച്ചില്ല.

ദേവമാതാവു ഇപ്രകാരം മൌനം ഭജിച്ചുകൊണ്ടു നമ്മെ പഠിപ്പിക്കുന്ന ഒരു വിശിഷ്ടപാഠം ഇതാണ്. നമ്മളിൽ ഓരോരുത്തരും ഏറെക്കുറെ സ്വാൎത്ഥപരന്മാരും അഹങ്കാരികളുമാണ്. നമുക്കുള്ള സൽഗുണങ്ങളെ ലോകസമക്ഷം പറയടിച്ചു പ്രസിദ്ധപ്പെടുത്തി കീൎത്തി സമ്പാദിക്കുവാൻ നാം സാഹസപ്പെടുന്നു. നാം ദരിദ്രൎക്കു ധൎമ്മം ചെയ്യുന്നെങ്കിൽ അതു മററുള്ളവർ അറിയുവാൻ നാം ആഗ്രഹിക്കുന്നു. നാം നഗ്നന്മാൎക്കു വസ്ത്രദാനം ചെയ്യുന്നെങ്കിൽ അതു് ലോകർ ഗ്രഹിക്കുവാൻ നാം ഇച്ഛിക്കുന്നു. നാം ദാഹിക്കുന്നവൎക്കു കുടിക്കുവാൻ കൊടുക്കുന്നെങ്കിൽ അതു പരപ്പുറത്തുനിന്നു പ്രസിദ്ധപ്പെടുത്തുവാൻ നാം ബദ്ധപ്പെടുന്നു. ക്രൂശിക്കപ്പെട്ട മിശിഹാ തമ്പുരാനു നല്കിയ കൈപ്പുരസംപോലെ ഈവിധ പരോപകാരപ്രവൃത്തികൾ ദൈവത്തിനു അരോചകമായിത്തീരാനേ മാൎഗ്ഗമുള്ളൂ. ഇത്തരം ഉപവിപ്രവൃത്തികൾ ദൈവതിരുമുമ്പാകെ ഫലശൂന്യങ്ങളാകുന്നു; എന്തുകൊണ്ടെന്നാൽ ദൈവനാമത്തെപ്രതിയല്ല അവ ചെയ്യപ്പെടുന്നതു്. നാം നമുക്കുള്ള അല്പഎളിമയെ വ്യൎത്ഥസ്തുതിക്കുവേണ്ടി നശിപ്പിച്ചുകളഞ്ഞു് പ്രാചീനകാലത്തിലെ ഫ്രീശന്മാരെപ്പോലെ വ്യാജം പറയുന്നവ

രും അസൂയാകുക്ഷികളുമായിത്തീരുന്നു. നാം സ്വാർത്ഥലാഭത്തിനു വേണ്ടി ഉപവിയുടെ വേഷം കെട്ടുന്നവരാണ്.

മോക്ഷരാജ്ഞിയുടെ മാതൃക നമ്മുടെ ആദർശമായിരിക്കട്ടെ. നിന്റെ വലത്തു കൈ ചെയ്യുന്നതു് നിന്റെ ഇടത്തു കൈ അറിയാതിരിക്കയും "രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു് നിനക്കു പ്രതിഫലം തരികയും" ചെയ്യട്ടെ. പരമവിധികർത്താവായ ദൈവസമക്ഷം ലോകരുടെ വ്യർത്ഥസ്തുതികളാൽ കളങ്കമാകാത്ത സുകൃതസഞ്ചയത്തെ നമുക്കു് സമർപ്പിക്കാം. അതു മോക്ഷരാജ്യത്തിൽ പ്രവേശിച്ചു പരിശുദ്ധ കന്യകയുടെ അഭിമുഖസന്ദർശനത്തിനു നമ്മെ പാത്രവാന്മാരാക്കിത്തീർക്കുന്ന ഒരു പ്രവേശനച്ചീട്ടു് ആയിത്തീരട്ടെ.

## ഓക്സ്ഫോർഡ് പ്രസ്ഥാനം.

(ചരിത്രജ്ഞൻ)

### II

കത്തോലിക്കസഭയെപ്പറ്റി പ്രോട്ടസ്റ്റാൻറ്കാർക്കു അനേകം അബദ്ധധാരണകളുണ്ടായിരുന്നു. ഇവയെല്ലാം അവരുടെ മുൻവിധി, സ്വാർത്ഥതല്പരത എന്നീ ദോഷങ്ങളിൽനിന്നുത്ഭവിച്ചവയാണ്. കത്തോലിക്കമതം സർവ്വരാഷ്ട്രവഞ്ചകിയെന്നും, സത്യമതതത്വങ്ങളെ മലീമസമാക്കുന്നവരം, എന്നുമായിരുന്നു അവർ ധരിച്ചിരുന്നതു്. ലഘുലേഖപ്രസ്ഥാനക്കാരുടെ അക്ഷീണപ്രയത്നഫലമായി കാലക്രമേണ ഈ അബദ്ധങ്ങളെല്ലാം അസ്തപ്രായമായി. സ്രഷ്ടാവിന്റെ പ്രേഷിതനായ സത്യപരിത്രാതാവു ക്രിസ്തുവാണെന്നും, അദ്ദേഹത്താൽ സ്ഥാപിതമായ സഭ കത്തോലിക്കസഭയാണെന്നും അവർ മുക്തകണ്ഠം പ്രഖ്യാപനം ചെയ്തു. നിഷ്കളങ്കമാനസനും പ്രതിഭാശാലിയുമായ ഒരുവൻ ഈ ദൃശപര്യേഷണങ്ങൾ നടത്തി സഭാമാതാവിന്റെ ഉത്തംഗാശ്രുദ്ധനാകുന്നതിനു നിർബ്ബന്ധിതനാകുന്നതുതന്നെ സഭയ്ക്കു് അനുകൂലമായ ന്യായത്തെയാണല്ലോ കാണിക്കുന്നതു്. കൂടാതെ, ഈ പ്രവൃത്തി

ചെയ്യുന്നതു് സംഘടനാബലം ധാരാളമുള്ള കത്തോലിക്കമതത്തിന്റെ സത്യവത്വത്തിനു മതിയായ സാക്ഷ്യംതന്നെയാകുന്നു.

ആകസ്മികമായി സത്യസഭയിലേക്കുണ്ടായ ഈ മതപരിവൎത്തനം അവരുടെ ദൈവത്വത്തെ ഘോഷണംചെയ്യുന്നോക്കുന്ന ഒരു ചാണയായിത്തീൎന്നു. സാധാരണമായി അന്യമതത്തിൽനിന്നും കത്തോലിക്കസഭയിലേക്കു ചേരുന്നവരെ സത്യവിശ്വാസത്തിലും ഇതരബാഹ്യാചാരങ്ങളിലും സഭയിൽ അംഗീകൃതരായ പ്രതിനിധികൾ ഉപദേശിക്കുക പതിവായിരുന്നു. എന്നാൽ, ഇത്തരുണത്തിൽ നാനാവിഭാഗക്കാരും പല സ്വഭാവക്കാരും വിവിധവാസനക്കാരുമായ അനേകായിരം ജനങ്ങൾ സ്വയമേവ കത്തോലിക്ക സഭാ പ്രവേശനത്തിനു സന്നദ്ധരായവരായിരുന്നു. ഇവരിൽ ഭൂരിപക്ഷവും മുമ്പു ഒരു കത്തോലിക്ക ദേവാലയത്തിൽ പ്രവേശിക്കയൊ കത്തോലിക്ക വൈദികനോടു സംഭാഷണം ചെയ്യുകയൊ ചെയ്തിട്ടുള്ളവരല്ല. ഇംഗ്ലണ്ടിലെന്നപോലെ ഇതരരാജ്യങ്ങളിലും ഒരു പ്രക്ഷോഭണഹേതുവായിരുന്ന ദൈവശാസ്ത്രങ്ങളിലെ പല വാദമുഖങ്ങളെയും ന്യായാന്യായവിവേചനചെയ്തു ക്രലങ്കഷമായി പഠിച്ച സ്വമതത്യാഗികളായിരുന്നു ഇവർ. ധനസമൃദ്ധിയിലും ശക്തിയിലും അദ്വിതീയമായ സഭയും പാണ്ഡിത്യംകൊണ്ടും പ്രതിഭാശക്തികൊണ്ടും പ്രഥമഗണനീയമായ സൎവ്വകലാശാലയും അവരുടെ പിന്നിൽ വിട്ടുകൊണ്ടു ഇറങ്ങി പുറപ്പെട്ട ഇവരിൽ കുറെപേർ യഥാൎത്ഥത്തിൽ ജന്മനാ നേതാക്കന്മാർതന്നെ.

ഇംഗ്ലണ്ടിലുണ്ടായിരുന്ന കത്തോലിക്ക സമുദായം താരതമ്യേന തുലോം ചെറുതായിരുന്നു. മൂന്നു നൂററാണ്ടുകളായി അടിക്കടി ഉണ്ടായിട്ടുള്ള മതപീഡനങ്ങളാൽ മൎദ്ദിക്കപ്പെട്ട അവർ ശോച്യമായ അവസ്ഥയെ പ്രാപിച്ചിരുന്നു. ആംഗ്ലിക്കൻ പുരോഹിതനെക്കാൾ താഴ്ന്നപടിയിലുള്ളതായ കുലമഹിമയും വിദ്യാഭ്യാസവുമുള്ള ഒരു വൈദികനാണു് ഇതിനെ നയിച്ചുകൊണ്ടിരുന്നതു്. പുരാതന കത്തോലിക്കരിൽ ഓക്സ്ഫോർഡ് പ്രസ്ഥാനത്തോടു ധാരാളം അനുഭാവം പ്രദൎശിപ്പിച്ചിരുന്ന ചിലർ ഈ ആധു

നിക കത്തോലിക്കരോടു ബഹുമാനപുരസ്സരം വർത്തിച്ചിരുന്നതിൽ വിസ്മയത്തിന്ന അവകാശമില്ല. പുതുതായി കത്തോലിക്കമതാനുയായികളായിത്തീൎന്ന ഇക്കൂട്ടർ അവിടത്തെ കത്തോലിക്കരെ അനുസരിച്ചു അവരിൽനിന്ന മതതത്വങ്ങളെയും മററും പഠിക്കേണ്ടതായിരുന്നു. അതിന്ന പകരം ഇവർ വിജയിതാക്കളായി അന്യരുടെ മതതത്വങ്ങളിൽ പ്രൊട്ടസ്റ്റാൻറു ചിരപരിചയത്താൽ ഉൽഭൂതമായിട്ടുള്ള മലിന ആശയങ്ങളും ചിന്താശക്തിയും പ്രചരിപ്പിച്ചു അനൎത്ഥസംഭവങ്ങൾക്കിടയാക്കിത്തീൎത്തുകളയുമോയെന്ന ഭയം അവരുടെ ഹൃദയാന്തർഭാഗങ്ങളിൽ കുടികൊണ്ടിരുന്നു.

എന്നാൽ, ഈ ഭീതി പ്രായേണ നിശ്ശേഷം അസ്തമിച്ചു. കത്തോലിക്കമതാനുസാരികളായിത്തീൎന്നവരിൽ ഏതാനുംപേർ പൂൎവ്വകത്തോലിക്കരോടു സൌമനസ്യ ആശയങ്ങളും അഭിപ്രായങ്ങളും അനുകരിക്കാതിരുന്നൊന്നുള്ളതു വാസ്തവമാണ്. സമൎത്ഥന്മാരായ ഓക്സ്ഫോർഡ് പ്രസ്ഥാനക്കാരുടെ അസൂയാകലുഷിതമായ ഊഹാപോഹങ്ങളെയും കണ്ടുപിടിക്കുന്നതിന്ന സാമാന്യേന ഇവർ അശക്തരായിരുന്നു. ഒററവാക്കിൽ പറയുകയാണെങ്കിൽ, തങ്ങളുടെ എളിമയുടെയും അനുസരണത്തിൻെറയും ഫലമായി പ്രകൃതിജന്യമായ സുഗമതയോടുകൂടി അവർ കത്തോലിക്കസഭയിൽ ഏകയോഗമായിത്തീൎന്നു. ക്രീസ്തുവിനാൽ സ്ഥാപിതമായ സത്യസഭ സ്നേഹപുരസ്സരം ഇരുകരങ്ങളെയും നീട്ടി കരുണാമസൃണമായ ഹൃദയത്തോടുകൂടി ഇതരമതാനുയായികളെ ആശ്ലേഷിക്കുവാനണയുന്നു. അവരുടെ സൌകൎയ്യങ്ങളെമാത്രം ലാക്കാക്കി എത്ര ത്യാഗങ്ങളാണ് അവൾ സഹിക്കുന്നത്. ഈദൃശവസ്തുത ഏതൊരു മനുഷ്യസ്ഥാപിത മതത്തിൻെറ നിയമസംഹിതയുടെ പരിധിയെക്കൂടി അതിശയിക്കുന്നില്ലയോ? ഏതൽ വാസ്തവം തന്നെ കത്തോലിക്കസഭയുടെ ദൈവത്വത്തെ ഉച്ചൈസ്തരം പ്രഖ്യാപനംചെയ്യുന്നു. പ്രതിഭാശാലികളായ മഹാന്മാരുടെ മനോരഥത്തെ മറെറാരുത്തൻെറ അഭിലാഷാധീനമാക്കി തീരെ അപരിചിതമായ ഒരു പന്ഥാവിൽക്കൂടി പരിപൂൎണ്ണമായി നയി

ക്കുക എന്നതു കൃച്ഛ്രസാദ്ധ്യമാണ്. ഈ വിഷമതയെ ലോകദൃഷ്ടിക്കു അഗോചരമായി നിഷ്പ്രയാസം തരണംചെയ്ത ഓക്സ്ഫോർഡ്പ്രസ്ഥാനത്തിന്റെ വൈചിത്ര്യം അതീവമനോഹരം തന്നെ.

കത്തോലിക്കസഭയുടെ കണ്ടകോടാലിയായേക്കുമോ എന്ന ആശങ്ക പലരിലും ഉത്ഭവിച്ചിരുന്ന ഈ പ്രസ്ഥാനം താദൃശഭീതികളെ പാടെ വിപാടനംചെയ്തു. ഇവർ ൧൯-ാം ശതകത്തിലെ നവീകരണത്തിനുശേഷം സഭാസഹായാർത്ഥം ഭഗീരഥപ്രയത്നം ചെയ്യുവാൻ സ്വമനസ്സാ സന്നദ്ധരായിറങ്ങിയ ഒരു കൂട്ടം വീരഭടസംഘമായിത്തീൎന്നു. ദീൎഘകാലത്തേക്കു ആംഗ്ലിക്കരും ഇംഗ്ലണ്ടിലെ കത്തോലിക്കരും തമ്മിൽ ഉണ്ടായിരുന്ന മൈത്രിക്കു വിഘാതമായിരുന്ന അബദ്ധ പ്രസ്താവനകൾ, തെററിദ്ധാരണകൾ, മുൻവിധികൾ മുതലായ ഭീകരദുൎഗ്ഗങ്ങളെ അടിപതിക്കുമാറ് അടിച്ചുടച്ചു ഒരു സൌഹാൎദ്ദപന്ഥാവിനെ വെട്ടിത്തുറന്നതു ഓക്സ്ഫോർഡ്പ്രസ്ഥാനമാകുന്നു. ഏതന്മൂലം ഇംഗ്ലണ്ടിലെ കത്തോലിക്കസഭക്കു ഒരു പുനൎജ്ജന്മമെന്നപോലെ അത്ഭുതപൂൎവ്വമായ നവചൈതന്യമുളവായി. കാർഡിനൽ ന്യൂമാൻ വളരെക്കാലത്തേക്കു നിഷ്കപടമനസ്സാ ആഗ്രഹിച്ചിരുന്നതും ആംഗ്ലിക്കൻ പുനൎജ്ജീവന്റെ ഒരു പ്രധാന ഘടകവുമായ നവസംയോഗം ഇതായിരുന്നു.

# ക്രിസ്തീയ കുടുംബം.

റവ. ഫാദർ ഫ്രാൻസിസ് സി. ഡി.

കുറെ നാളുകളായി സഭയേയും, രാഷ്ട്രത്തേയും, വ്യക്തിയേയും പ്രകടമായി ബാധിച്ചിരിക്കുന്ന പ്രശ്നങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണല്ലോ ലോകത്തിന്റെ ഇന്നത്തെ സാൎവ്വത്രികമായ ദുരവസ്ഥ. നിയമജ്ഞന്മാർ ഏതൽപരിഹാരാൎത്ഥം

നിയമസംഹിതകൾ നിൎമ്മിക്കുന്നു. രാഷ്ട്രീയചിന്തകന്മാർ ഒന്നൊഴിയാതെ സാൎവ്വത്രികമായ ഈ ദൌൎഭാഗ്യത്തിന്റെ നാരായവേരു തന്നെ കണ്ടുപിടിക്കുന്നതിനായി പരിശ്രമിക്കുന്നു. വിദ്യാഭ്യാസാധികൃതന്മാരുടെ ശ്രദ്ധയും പ്രകൃതത്തിൽ ധാരാളം പതിയുന്നുണ്ടു്. സമുദായനേതാക്കന്മാരും, ഭരണധുരന്ധരന്മാരും ഈ വിഷയത്തിൽ തലപുകഞ്ഞു പണിപ്പെട്ടുതുടങ്ങിയിട്ടു കാലം കുറേയായി. എന്നാൽ ലോകത്തിനു ഭവിച്ചിരിക്കുന്ന ദുൎമ്മോഹത്തിന്റെ ഹേതുവെന്തെന്നും അതിൽനിന്നു ജനസാമാന്യം നിവൃത്തി പ്രാപിക്കേണ്ട മാൎഗ്ഗമെന്തെന്നും പ്രഖ്യാപനം ചെയ്യുന്നതിനുപകരം നവം നവങ്ങളായ നിയമങ്ങൾ, രാഷ്ട്രീയ സംരംഭങ്ങൾ, വിദ്യാഭ്യാസ പരിഷ്ക്കരണങ്ങൾ, ഭരണസമിതികൾ ആദിയായവയെക്കൊണ്ടു മുൻപറഞ്ഞ ക്രൂരർ ജനങ്ങളുടെ മനോരാജ്യത്തെ പൂൎവ്വാൽ പ്രക്ഷുബ്ധതരമാക്കിത്തീൎക്കുകയാണു് ചെയ്യുന്നതു് എന്നു പറയാതെ ഗത്യന്തരമില്ല. എന്നുവേണ്ടാ എല്ലാ പരിശ്രമങ്ങളും വിഫലീഭവിച്ചല്ലൊ, ലോകം ഒന്നിനൊന്നു് നാശഗൎത്തത്തിലേക്കു ആണ്ടുപോകയാണല്ലൊ എന്നുള്ള നിരാശാപരമായ മുറവിളിയത്രെ എവിടെയും കേൾക്കപ്പെടുന്നതു്. ജനതതി എവിടെയും സമാധാനം അഭിലഷിക്കുകയും, “അന്നന്നെയപ്പം” അഭ്യൎത്ഥിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ലോകമഹാരഥന്മാരെന്നറിയപ്പെടുന്നവരുടെ ധീശക്തിയും വിചക്ഷണാപടുത്വവും തെററായ മാൎഗ്ഗങ്ങളിലൂടെ വിഹരിക്കുന്നുവെന്നല്ലയോ മേൽസൂചിപ്പിച്ച നൈരാശ്യത്തിന്റെ യഥാൎത്ഥ ഹേതു ? ലോകത്തെ ഇന്നു ആവരണം ചെയ്തിരിക്കുന്ന ദുൎദ്ദശാതിമിരത്തിന്റെ മൂലകാരണം നമ്മുടെ ചിന്തകന്മാൎക്കു ഇനിയും അജ്ഞാതമായിട്ടാണു് ഇരിക്കുന്നതെന്നു തുറന്നുപറയാതെ കഴിയുകയില്ല. എന്നാൽ വിഷയത്തേക്കുറിച്ചു ദീൎഘമായി ഉപന്യസിക്കുന്നതിനു വിസ്താരഭയം അനുവദിക്കുന്നില്ല. എന്നാലും കുടുംബദീപവായനക്കാൎക്കുവേണ്ടിമാത്രം വിഷയവ്യാപ്തി കുറച്ചുകൊണ്ടു ഏതാനും ചിലതൊക്കെ പ്രസ്താവിക്കാമെന്നു കരുതുന്നു.

ഇന്നു ലോകം അഭിമുഖീകരിക്കുന്ന വിപത്തിന്റെ വിവി

ധകാരണങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്ന് കുടുംബങ്ങളിൽ ആണ് സ്ഥിതിചെയ്യുന്നതു്. ആയതിനാൽ തൽപരിഹരണാൎത്ഥമുള്ള പ്രതിവിധികൾ കുടുംബങ്ങളിൽതന്നെ പ്രയോഗിക്കുകയുംവേണം. എത്രയോ കുടുംബങ്ങളാണ് ഇന്നു ഭൂമുഖത്തു അസമാധാനത്തിന്റെ കേളീരംഗമായി പ്രത്യക്ഷപ്പെടുന്നതു്. സ്രഷ്ടാവെന്നുള്ള വിചാരമൊ, അദ്ദേഹത്തെ ഭജിക്കേണ്ട ആവശ്യകതയൊ കേവലം വിസ്മരിച്ചുകൊണ്ടു, ഭൎത്താവു് ഭാൎയ്യയെ ഉപേക്ഷിക്കുക, ഭാൎയ്യ ഭൎത്താവിനെ പരിത്യജിക്കുക, ഭാൎയ്യഭൎത്താക്കന്മാർ പരസ്പരം അധൎമ്മമായി വ്യാപരിക്കുക, ക്രിസ്തീയാദൎശങ്ങളെ കുടുംബങ്ങളിൽനിന്നു വിപാടനം ചെയ്യുക, എന്നിത്യാദി എത്രയൊ കുടുംബങ്ങളിൽ അനുഭവവേദ്യമാണ്. ദമ്പതിമാരുടെ ഏതാദൃശങ്ങളായ പ്രവൎത്തനാരീതി എങ്ങിനെ അവരുടെ സന്താനങ്ങളെ ബാധിക്കാതിരിക്കും. അധൎമ്മത്തിന്റെ പാരമ്യത്തിലാണ് ഇക്കൂട്ടരുടെ സന്താനങ്ങൾ സംജാതമാകുന്നതു്. ദുൎഭഗരായ ഈ ആത്മാവുകൾ ജീവിതാരംഭത്തിൽതന്നെ അവിശ്വസ്തത, സ്വാൎത്ഥത, വിഷയലമ്പടത്വം ഇവയാണ് കണികാണുന്നതു്. ഇതു് അവരുടെ ഭാവിജീവിതത്തെ എങ്ങിനെ സ്പൎശിക്കാതിരിക്കും? ഇങ്ങനെയുള്ള കുടുംബങ്ങൾ ഭൂമുഖത്തുള്ളകാലത്തോളം ലോകം എങ്ങിനെ സമാധാനം സംപ്രാപിക്കും ? സാമുദായികപരിഷത്തുകളോ, സമാധാന ഉടമ്പടികളോ, വട്ടമേശസമ്മേളനങ്ങളോ, ലോകമഹാശാസ്ത്രജ്ഞന്മാരുടെ ചിന്താപാടവമോ, ഇത്തരത്തിലുള്ള അസുഖങ്ങളെ പരിഹരിക്കുമോ? ലോകചരിത്രത്തേയും മനുഷ്യസ്വഭാവത്തേയും കുറിച്ച് അല്പ ജ്ഞാനമെങ്കിലും ഉള്ളവർ ഈ പ്രശ്നത്തിനു നിഷേധരൂപത്തിലെ പ്രത്യുത്തരം നൽകുകയുള്ളൂ.

ലോകം ഇങ്ങനെ നട്ടംതിരിയുന്ന ഘട്ടത്തിലാണ് ക്രിസ്തീയ മേഷാവലിയുടെ മേധാവിയായ പാപ്പാ രാജൻ, ആ പുരോഹിതപുരോഹിതൻ, മിശിഹായുടെ പ്രതിനിധി, സമാധാനത്തിനായിട്ടും, ഭിന്നസമുദായങ്ങൾ സഭാമാതാവിന്റെ മടിയിലേക്കു പിന്തിരിയുന്നതിനായിട്ടും, മിശിഹായുടെ അമൂല്യരക്തംകൊണ്ടു് സ

മുക്ധൃതരായ ആത്മാക്കളുടെ ധാൎമ്മികപരിവൎത്തനത്തിനായിട്ടും, ക്രിസ്തീയ പ്രവൎത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായിട്ടും, സൎവ്വോപരി ക്രിസ്തീയ കുടുംബങ്ങളുടെ ശ്രേയോഭിവൃദ്ധിക്കായിട്ടും, “മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ലാ ഉപജീവിക്കുന്നതു്” എന്നുള്ള പുരാണപ്രസിദ്ധമായ ദൈവോക്തം, റോമ്മാ തിരുസിംഹാനത്തിൽനിന്നു ലോകത്തിന്റെ ചതുൎഭാഗങ്ങളിലേക്കും പ്രതിധ്വനിപ്പിച്ചു്. ശാസ്ത്രപ്രാവീണന്മാരും, വിദ്യാഭ്യാസപടുക്കളും, രാജ്യതന്ത്രധുരന്ധരന്മാരും, ഈ തത്വോപദേശം ശ്രവിക്കുകയും അതേപ്പററി അവധാനപൂൎവ്വം ചിന്തിക്കുകയും ചെയ്യട്ടെ.

സൎവ്വപ്രധാനമായി മിശിഹാ രാജാവിനാൽ നിബ്ബന്ധം ഭരിക്കപ്പെടേണ്ട കുടുംബവൃത്തങ്ങളിൽ ഈ വാക്യശകലം മാററൊലിക്കൊള്ളട്ടെ! കുടുംബങ്ങളിൽ മിശിഹാ രാജന്റെ വിജയപതാക കളിയാടട്ടെ. മാതാപിതാക്കന്മാൎക്കു സന്താനങ്ങളോടും, സന്താനങ്ങൾക്കു പരസ്പരവും, ഭാൎയ്യാഭൎത്താക്കന്മാൎക്കുതമ്മിലുമുള്ള ധൎമ്മങ്ങൾ ഭദ്രമായി സംരക്ഷിക്കപ്പെടട്ടെ കുടുംബങ്ങളിൽ ഛിദ്രം പുലൎത്തുന്ന എല്ലാശക്തികളേയും, മിശിഹാരാജാവിന്റെ സ്നേഹം വിപാടനംചെയ്യട്ടെ മാതാപിതാക്കന്മാർ തങ്ങൾക്കുള്ള സന്താനങ്ങളേയും ദാസന്മാരേയും നയിക്കുകയും ഭരിക്കുകയും ചെയ്യുന്നതിൽ ആലസ്യത കൈവെടിയണം. തങ്ങളുടെ സന്താനങ്ങളുടെ ശൈശവവും യൌവനവും അപായകരങ്ങളായ നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുവെന്നും, യൗവ്വനം കൎമ്മധീരതയിൽ മുന്നിട്ടുനിന്നിരുന്നുവെന്നും, നേരാംവണ്ണം അറിഞ്ഞും, മാതാപിതാക്കന്മാർ കത്തോലിക്കാതത്വങ്ങളേയും ആധ്യാത്മികങ്ങളായ ആശയങ്ങളേയും മുൻനിറുത്തി പ്രവൎത്തിക്കട്ടെ. ആയതിനാൽ സമുദായപ്രമാണികളും, കുടുംബനേതാക്കന്മാരും, തങ്ങളുടെ അധികാരവും പ്രാമുഖ്യതയും പ്രയോഗിച്ചു ശൈശവത്തേയും യൗവനത്തേയും തക്കമാൎഗ്ഗത്തിലൂടെ ചരിപ്പിക്കുന്നതിനുപകരം, അതിന്റെ വ്യത്യാസത്തെപ്പററി പ്രസംഗിച്ചു് സമയവ്യയംചെയ്യുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല.

അമിതഭോഗത്തെ കുടുംബങ്ങളിൽ ഗൌരവമായി ശിക്ഷി

ക്കാതെ, മിതഭോഗത്തിനുവേണ്ടി നാം പരിശ്രമിക്കുന്നതുകൊണ്ടു് ഫലമെന്തു്? പരിഷ്കാര വിഭ്രാന്തിയാലും, സാമുദായികവും ധനസംബന്ധവുമായ നിസ്സാരകാരണങ്ങളാലും പ്രേരിതരായി സ്വന്ത കുട്ടികളെ കത്തോലിക്ക സിദ്ധാന്തങ്ങളെ അപലപിക്കുന്ന അകത്തോലിക്ക വിദ്യാഭ്യാസശാലകളിലേക്കു് അയക്കുന്ന കുടുംബസ്ഥന്മാരുടെ കുടുംബവൃത്തങ്ങളിൽ മ്ശിഹാ ആശീർവദിക്കുമോ? കത്തോലിക്കസാഹിത്യത്തെക്കുറിച്ചും, മിതമായ വസ്ത്രധാരണത്തെക്കുറിച്ചും, കുടുംബാംഗങ്ങൾക്കു് മതിപ്പും സ്നേഹവുമില്ലെങ്കിൽ പ്രകൃതങ്ങളെക്കുറിച്ചു് എന്തിനു് പ്രസംഗിക്കുന്നു? ചുരുക്കിപ്പറഞ്ഞാൽ സമുദായത്തിന്റെ കേന്ദ്രമായ, രാഷ്ട്രത്തിന്റെ ചുവടായ, വാക്കുകളുടെ ആലംബമായ കുടുംബങ്ങളിൽ ക്രിസ്തീയതത്വമില്ലെങ്കിൽ, മിശിഹായുടെ തത്വങ്ങൾക്കു അവിടെസ്ഥാനമില്ലെങ്കിൽ, മ്ശിഹായുടെ പ്രതിനിധി ക്രിസ്തീയകുടുംബത്തെപ്പററി നല്കുന്ന ദിവ്യോപദേശം ഗ്രഹിക്കുന്നില്ലെങ്കിൽ, ലോകം അതിനെ ഇന്നു വലയം ചെയ്യുന്ന അന്ധകാരത്തിൽനിന്നു വെളിച്ചത്തിലേക്കു തിരിയുകയില്ല.

ആയതിനാൽ കുടുംബങ്ങളിൽ മ്ശിഹായുടെ സാന്നിദ്ധ്യത്തെയും, അവിടുത്തെ അവകാശങ്ങളെയും കർത്തൃത്വത്തെയും, കുടുംബാംഗങ്ങൾ അറിയുകയും അനുസരിക്കുകയു ചെയ്യട്ടെ. നീതിയുടേയും, സത്യത്തിന്റെയും, സ്നേഹത്തിന്റെയും, സുവർണ്ണശൃംഖലകളാൽ കുടുംബാംഗങ്ങൾ പരസ്പരം ബന്ധിതരാകട്ടെ. അപ്പോൾ കുടുംബാംഗങ്ങൾ ഇന്നു അഭിലഷിക്കുന്ന സമാധാനവും സൌഭാഗ്യവും അവർക്കു കൈവരും. കുടുംബത്തിൽ സമാധാനമുണ്ടായാൽ, വ്യക്തികൾക്കും, സമുദായത്തിനും, രാഷ്ട്രത്തിനും, സഭക്കും, എന്നുവേണ്ട ലോകമൊട്ടുക്കും സമാധാനം ഉണ്ടാകാതിരിക്കയില്ല. സുസാദ്ധ്യമായ എല്ലാ ഉപകരണങ്ങളും പ്രയോഗിച്ചു്, "താൻപാതി ദൈവംപാതി" എന്നുള്ള പ്രമാണപ്രകാരം, നമ്മുടെ സ്ഥിതിഗതികളെ ഗുണീകരിക്കുന്നതിനും, നമുക്കു കടമുണ്ടു്. ആയതിനായി നാം സ്ഥിരോത്സാഹപൂർവ്വം പ്രയത്നിക്കുകയുംവേണം. എന്നാൽ നമ്മുടെ ചിന്താഗതിയിൽനിന്നും പ്രവൃത്തിരംഗ

ങ്ങളിൽനിന്നും സാക്ഷാൽ സമാധാനദാതാവായ മിശിഹായെ മാററിനിറുത്തരുതെന്നുമാത്രം. അവിടുന്നുവേണം നമ്മുടെ പരിശ്രമങ്ങളിൽ അഗ്രാസനം വഹിക്കുവാൻ. എന്തെന്നാൽ നാം അവിടുത്തെ സൃഷ്ടികളും പ്രജകളും ദാസന്മാരുമാണ്. നാം അവിടുത്തെ കരങ്ങളുടെ പ്രവൃത്തിയാണ്. നമുക്കുവേണ്ടി, നമ്മുടെ സമാധാനത്തിനുവേണ്ടി, അദ്ദേഹം സ്വന്ത ജീവനെ ഹോമിച്ചു. അങ്ങിനെയെങ്കിൽ ഈ സമാധാനമൂർത്തിയുടെ ദിവ്യാഭീഷ്ടം അനുവർത്തിക്കുന്നതു് നമുക്കു അത്ര വിഷമകരമാകുവാൻ വഴിയില്ല. "അവിടുത്തെ നുകം മധുരമുള്ളതും, അവിടുത്തെ ഭാരം ലാഘവമുള്ളതും" ആണെന്നു് അവിടുന്നുതന്നെ ഉറപ്പു പറയുന്നു. ആയതിനാൽ കുടുംബവൃത്തങ്ങളിൽ മിശിഹാ രാജൻ അഗ്രാസനം വഹിക്കുകയും കുടുംബങ്ങളെ അവിടുന്നുതന്നെ ഭരിക്കുകയും, ഇങ്ങനെ ലോകം അഭ്യർത്ഥിക്കുന്ന സമാധാനവും സന്തോഷവും അതിനു കൈവരട്ടെ എന്നു ഹൃദയംഗമമായി മിശിഹാരാജനോടു പ്രാർത്ഥിച്ചുകൊണ്ടു വിരമിക്കുന്നു.

## ക്രിസ്തുമസ്സും നവവത്സരവും.

ശ്രീമാൻ ജി. ജോസഫ് പള്ളിപ്പാടൻ, ഇടപ്പള്ളി.

(ഇടപ്പള്ളി സെൻറ് ജോർജ്ജ്സ് കത്തോലിക്കാ വേദാന്തസംഘത്തിൻെറ ഈക്കൊല്ലം നടത്തപ്പെട്ട, 19-ാമതു വാർഷിക യോഗത്തിൽ, വേദോപദേശവിദ്യാർത്ഥിനികൾ അഭിനയിച്ചു പാടിയതു്.)

ചിന്തുവർണ്ണമട്ടു്. താളം ആദി.

1. ദിനമണിയും ദിനമിതിലുൾത്തെളിവൊടുദയമാന്നു—തൻ—
കിരണാഖിലംചൊന്നു—നര—
ക്കമിതമോദമുയരുമാറുഭുവനമാഭചേർന്നു.
2. സുരഭിലങ്ങളായ സൂനനിരകൾ തൻ പരാഗം—ധര—
യിതിലെങ്ങും സരാഗം—പരം—
പവനനരുളുന്നായതിനുമനുജഭവികയോഗം.

3. വിവിധവർണ്ണധ്വജവിശേഷാംബരേനിരന്നും—കുളിർ—
തെന്നലിൽ പറന്നും—ഹഹ—
നിയമാകുമൊന്നിനേത്താൻ കരുതി വിഹരിക്കുന്നു.

4. പാവനം പരമാനന്ദം പാവനമാനന്ദം—ധര—
തിങ്ങിനൊരാനന്ദം — പര —
നേശുനാഥൻ മർത്ത്യനായവതരിച്ചാനന്ദം.

5. പുൽത്തൊഴുത്തിൽ പള്ളികൊള്ളും പുത്രനേശുനാഥൻ-തിരു-
വുണ്ണിലോകനാഥൻ—ഹ ! ഹ ! —
ലോകസൃഷ്ടിസ്ഥിതിസംഹാരൈകസർവ്വാരാദ്ധ്യൻ.

6. പുഞ്ചിരിപ്പൂഞ്ചന്ദ്രികയാലിപ്രപഞ്ചം മോടി—യോടു—
സഞ്ചിതശ്രീക്രൂടി—അ—
ഭ്രുതപൂർവ്വമായ വരധാടിക്രൂടിയാടി.

7. ദിവ്യപരിപാവനമാം നവ്യജീവിതത്തെ-പുരു-
ഭവ്യജീവിതത്തെ—നാം—
കൈവരിക്കിൽനൽകു'മുണ്ണി' നമ്മൾക്കു ക്ഷേമത്തെ.

8. ആനന്ദമാറാടിയാലും പാവനരായാലും !—വര—
ദാനമർത്ഥിച്ചാലും !! —നവ—
വത്സരസ്വാഗതമോതി സൗഭാഗ്യരായാലും ! ! !

# വി. കൊച്ചുത്രേസ്യ തീവണ്ടിപ്പാതയിൽ.

ഒരു യഥാർത്ഥസംഭവം.

(റവ. ഫാദർ വിക്റ്റർ. സി. ഡി.)

സമുദ്രത്തിനു അഭിമുഖമായി അല്പം ഉയൎന്ന ഒരു മൈതാനത്തിലാണു് ഗ്രവില്ലാ (Gravilla) പ്രഭുവിൻെറ മനോജ്ഞമായ ഭവനം സ്ഥിതിചെയ്യുന്നതു്. അസ്തമന സൂൎയ്യൻെറ ശോഭയേറിയ കിരണങ്ങൾ പ്രസ്തുത കെട്ടിടത്തിൻെറ ചില്ലിട്ടജനലുകളിന്മേൽ തട്ടി, അവയെല്ലാം സ്വൎണ്ണസമാനം പരിലസിക്കുന്നു. എന്നാ

ൽ രമണീയമായ ആ ഹർമ്മ്യത്തിന്റെ ബാഹ്യാവസ്ഥ എത്ര സന്തോഷദായകമാകുന്നുവോ അത്രയും എന്നല്ല അതിലധികം പരിതാപകരമാണ് അതിന്റെ ഉള്ളിലെ സ്ഥിതി. ശ്മശാനത്തിലേതിനോടു തുല്യമായി അവിടെയെല്ലാം വ്യാപിച്ചിരിക്കുന്ന നിശ്ശബ്ദതയെ ഭഞ്ജിക്കുന്നതു അടിക്കടി കേൾക്കപ്പെടുന്ന ചില പ്രലാപനങ്ങൾ മാത്രമാണെന്നു പറയാം. വീടിന്റെ രണ്ടാം നിലയിൽ വിശാലമായ ഒരു മുറിയിൽ ഗൃഹനായകനായ പ്രഭു ജ്വരബാധിതനായി ശയ്യയെ പ്രാപിച്ചിരിക്കുകയാണ്. രോഗം മൂർദ്ധന്യത്തിൽ എത്തിയിരിക്കുന്നു. ആസന്നമരണത്തിന്റെ ലക്ഷണങ്ങൾ ഇല്ലാതില്ല. വരണ്ട ചുണ്ടുകൾ ചിലപ്പോഴെല്ലാം തുറന്നു വല്ല മുറിവാക്യങ്ങൾ ഉച്ചരിക്കാനെ അയാൾക്കു സാദ്ധ്യമാകുന്നുള്ളു. കണ്ണുകൾ തുടയ്ക്കുകയോ കൈകാലുകൾ ഇളക്കുകയോ ചെയ്യുന്നതും നന്നാ ദുർലഭംതന്നെ. ഈ കാഴ്ച കുടുംബാംഗങ്ങൾ എല്ലാവരെയും വല്ലാതെ ദുഃഖിപ്പിച്ചിരുന്നു എന്നു പറയേണ്ടതില്ലല്ലോ. രോഗിയുടെ ഭാര്യ മഹാ ഭക്തയും, സദാചാരവൃത്തയുമായ ഒരു സ്ത്രീരത്നമായിരുന്നു. സ്വഭർത്താവിനോടുകൂടെയുള്ള ഐഹികജീവിതം അവസാനിക്കാറായി എന്നു കണ്ടു അവൾ വ്യാകുലഹൃദയായി അയാളുടെ തലക്കൽ കട്ടിലിന്നു സമീപം മുട്ടുകുത്തി ഏന്തിഏന്തി കരയുവാൻ തുടങ്ങി. അവളുടെ നേത്രങ്ങളിൽനിന്നു അശ്രുകണങ്ങൾ തുള്ളിതുള്ളിയായി വീണ് കട്ടിലിന്മേൽ ഇട്ടിരുന്ന മെത്ത നനച്ചു. ‘എസ്പരാൻസ്’ (Esprance) എന്നു പേരായ അവളുടെ കനിഷ്ഠപുത്രി പിതാവിന്റെ കാല്ക്കൽ ദുഃഖാബ്ധിയിൽ മുഴുകി ഇരിക്കുകയായിരുന്നു. അവൾ എഴുന്നേറ്റു അമ്മയുടെ പക്കൽ ചെന്നു അതീവസ്നേഹത്തോടുകൂടെ അവളെ ആശ്ലേഷിച്ചു ചെവിട്ടിൽ എന്തൊ രഹസ്യം പറഞ്ഞു. അതിന്നു വ്യാകുലയായ ആ മാതാവു ഇങ്ങിനെയാണ് പ്രത്യുത്തരം നല്കിയതു്. “എന്റെ ഓമനേ! അപ്പൻ മരിക്കുന്നതു് ദൈവഹിതമാണെന്നുള്ള വസ്തുത എന്നെ സമാശ്വസിപ്പിക്കുന്നുണ്ടു്. പക്ഷെ വളരെ വർഷങ്ങളായി ദേവാലയത്തിൽ പോകാതേയും കൂദാശകൾ സ്വീകരിക്കാതെയും ദൈവത്തിന്റെ നേർക്കു അവിശ്വസ്തനാ

യി ജീവിച്ച ഇയാഠ അന്തിമ കൂദാശകഠ എങ്കിലും കൈക്കൊണ്ടു ദൈവത്തോടു സമാധാനപ്പെടാതെ താമസമെന്നിയെ മരിച്ചു് നിത്യമായി നശിച്ചുപോകുമല്ലോ എന്ന വിചാരമാണു് എന്നെ നിരാശാഗത്തത്തിൽ നിപതിപ്പിക്കുന്നതു്. മരണശയ്യയിൽ വെച്ചെങ്കിലും പ്രതുവിനെ മാനസാന്തരപ്പെടുത്തുന്നതിന്നു കുടുംബാംഗങ്ങഠ ഉഠപ്പെടെ പലരും മാറിമാറി ശ്രമിക്കാതിരുന്നില്ല. പക്ഷെ അവരുടെ പരിശ്രമങ്ങളെല്ലാം വിഫലമായി പരിണമിക്കയാണുണ്ടായതു്.

പ്രതു രോഗപീഢിതനാകുന്നതിന്നുമുമ്പു പല അവസരങ്ങളിലും ശിശുസഹജമായ ഓരോ കളിവിനോദങ്ങഠ കാണിച്ചും, നിഷ്ക്കളങ്കമായ നയങ്ങഠ പ്രയോഗിച്ചും, സ്വപിതാവിൻെറ പക്കൽനിന്നു പലകാൎയ്യങ്ങഠ സാധിച്ചിട്ടുള്ള ഒരു പിഞ്ചുപൈതലാണു് 'ആലേസിയ' (Alesia) എന്നു പേരായ അയാളുടെ അരുമസന്താനം. 'ആലേസിയ' ജനലിൽകൂടെ സൂക്ഷിച്ചു നോക്കി സ്വപിതാവിൻെറയും സഹോദരിയുടെയും കലശലായ ദുഃഖം കണ്ടു അവരെ സമാശ്വസിപ്പിക്കുവാൻ ഒരു മാൎഗ്ഗം ആലോചിച്ചു കണ്ടുപിടിക്കതന്നെ ചെയ്തു. അവഠ അവളുടെ കഴുത്തിൽ ഒരു വെള്ളിത്തുടലിന്മേൽ തൂങ്ങിക്കിടന്നിരുന്ന ആനക്കൊമ്പുകൊണ്ടുള്ള 'തൂങ്ങപ്പെട്ടരൂപം' പറിച്ചെടുത്തു ഭക്തിപൂൎവ്വം അതിനെ ചുംബിച്ചും അതിന്മേൽ അശ്രുക്കഠ പൊഴിച്ചുംകൊണ്ടു് മഹാ തീക്ഷ്ണതയോടുകൂടെ ഇങ്ങിനെ പ്രാൎത്ഥിച്ചു. "ഓ ഈശോയേ! മരണാസന്നനായിക്കിടക്കുന്ന എൻെറ പിതാവു് അന്ത്യകൂദാശകഠ കൈക്കൊണ്ടു മരണം പ്രാപിക്കുന്നതിന്നു വരം നല്കേണമെ. ദീൎഘനാളായി അയാഠ പള്ളിയിൽ പ്രവേശിച്ചിട്ടില്ല; ശരിതന്നെ. പക്ഷെ അയാഠ എന്നെ അത്യധികം സ്നേഹിക്കുന്ന ഒരു നല്ല പിതാവാണു്. ആകയാൽ അങ്ങു് അയാളോടു ക്ഷമിച്ചു ഞാൻ അപേക്ഷിക്കുന്ന അനുഗ്രഹം അയാഠക്കു നല്കുമാറാകണം. ഈശോ! ഇതു് അങ്ങു് ചെയ്കയില്ലയോ?" അനന്തരം അവഠ മെല്ലെ പിതാവിൻെറ സമീപം പ്രാപിച്ചു നിൎദ്ദിഷ്ടകാൎയ്യം നേടുന്നതിന്നു പല സൂത്രങ്ങളും പ്രയോഗിച്ചു തുടങ്ങി.

ർഗ്ഗനായ പ്രഭു ആരംഭത്തിൽ അവയൊന്നും ഗൌനിച്ചില്ലെങ്കിലും 'അലേസിയാ' അവളുടെ പരിശ്രമങ്ങളിൽനിന്നും പിൻമാറിയില്ല. ഒടുവിൽ അയാൾ അവളുടെ അപേക്ഷകൾക്കു അധീനനായി. "ആകട്ടെ........'ജെറമില്ലൊ' (Jaramillo) അച്ചനെ........വരുത്തുന്നപക്ഷം... ....ഞാൻ കൂദാശകൾ ........സ്വീകരിക്കാം." എന്നു മന്ദസ്വരത്തിൽ പറഞ്ഞു. ഈ വസ്തുത ഉത്തരക്ഷണത്തിൽ ദൂരശ്രവണയന്ത്രംമൂലം പ്രസ്തുത വൈദികനെ അവർ അറിയിച്ചു.

അവിടെനിന്നും ഏകദേശം ഇരുപതു മൈൽ ദൂരെയുള്ള ഒരു ചെറിയ ഇടവകയിലെ വികാരിയായിരുന്ന 'ഫാദർ ജെറമില്ലൊ'. അന്നു രാത്രി അദ്ദേഹം തൻെറ വിനീതമായ പള്ളിമേടയിൽ ഇരുന്ന് അടുത്ത ഞായറാഴ്ചയിലുള്ള പ്രസംഗം ഒരുക്കുവാൻ ചിലതെല്ലാം കുത്തിക്കുറിച്ചുകൊണ്ടിരിക്കയായിരുന്നു. അടുത്ത മുറിയിൽനിന്നും 'ടെലഫോൺ ബെൽ' ശക്തിയായി അടിക്കുന്നതു കേട്ടു. സംഗതി എന്തെന്നു ഗ്രഹിക്കുവാൻവേണ്ടി ശ്രദ്ധിച്ചപ്പോൾ മേല്പറഞ്ഞ പ്രഭുവിൻെറ വീട്ടിൽനിന്നും ആരോ ഗൽഗദസ്വരത്തിൽ ഇങ്ങനെ പറയുന്നതു കേട്ടു. "ബ. പ്രിയ അച്ചാ, ഈ വീട്ടിലെ ഇന്നയാൾ മരണാസന്നനായി കിടക്കുന്നു. രോഗി നാളത്തേക്കു ജീവിച്ചിരിക്കുമോ എന്നതു് സംശയമാണു്. ദീർഘനാളായി പള്ളിയിൽ പോയിട്ടു്. അച്ചൻ വരുന്നപക്ഷം കൂദാശകൾ സ്വീകരിക്കാമെന്നു അയാൾ സമ്മതിച്ചിട്ടുണ്ടു്. ആകയാൽ അച്ചൻ ഉടൻതന്നെ പുറപ്പെടണമെ. അങ്ങയുടെ ആഗമനം പ്രതീക്ഷിച്ചു ആപ്പീസിൽ ആളുണ്ടായിരിക്കും." പള്ളിയിൽനിന്നു തീവണ്ടിസ്റ്റേഷനിലേക്കു ഏകദേശം ഒരു മൈൽ ദൂരമുണ്ടു്. ഫാദർ ജെറമില്ലൊ വാച്ചെടുത്തു സമയം നോക്കി. സ്റ്റേഷനിൽനിന്നും വണ്ടി പുറപ്പെടുന്നതിനു ഇരുപതു മിനിട്ടുമാത്രമേയുള്ളു എന്നും ആ വണ്ടി തെറ്റിയാൽ അന്നു യാത്ര കഴിക്കാൻ സാധിക്കയില്ലെന്നും മനസ്സിലാക്കി. അദ്ദേഹം തൽക്ഷണം എഴുന്നേററു അന്ത്യകൂദാശകൾ നൽകുന്നതിനുവേണ്ടവയും തനിക്കു യാത്രക്കു അത്യാവശ്യം വേണ്ട ചിലതെല്ലാമും ദ്രുതഗതി

യിൽ തയാറാക്കി അവയെല്ലാം എടുത്തുകൊണ്ടു സ്റ്റേഷനിലേക്ക ഓടി.

എന്നാൽ അവിടെ അദ്ദേഹത്തിന്ന അനുഭവവേദ്യമായത്ത എത്രയോ നൈരാശ്യാജനകമായിരുന്നു! അദ്ദേഹം അവിടെ ആഗതനായപ്പോഠം തീവണ്ടി അവിടെനിന്നും മെല്ലമെല്ലെ പുറപ്പെട്ടുകഴിഞ്ഞു. വണ്ടി നിറുത്തുവാൻ അദ്ദേഹം ഉച്ചൈസ്വരം നിലവിളിച്ചു. പക്ഷെ ബസ്സുകളുടെയും കാറുകളുടെയും തീവണ്ടിയുടെയും നാദബഹളത്തിൽ അദ്ദേഹത്തിൻെറ സ്വരം കേഠക്കപ്പെടുകയുണ്ടായില്ല.

മഹാവിഷാദവും നൈരാശ്യവും പൂണ്ട് അദ്ദേഹം അവിടെ നില്ക്കയിൽ തൻെറ പ്രത്യേക മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ വല്ലഭം ഓത്തു ആ സന്ദർഭത്തിൽ തന്നെ സഹായിക്കണെമെന്നു തീവ്രതീക്ഷ്ണതയോടുകൂടെ ആ കന്യകയെ പ്രാത്ഥിച്ചു. അല്പംകഴിഞ്ഞു ഒരു ശബ്ദം കേട്ടു നോക്കിയപ്പോഠം തീവണ്ടി പെട്ടെന്നു നില്ക്കുന്നതായിട്ടാണ് അദ്ദേഹം കണ്ടതു്. ഉടനെ ആ വൈദികോത്തമൻ വായുവേഗേന ഓടിച്ചെന്നു തീവണ്ടിയിൽ ചാടിക്കയറി, തൻെറ ഉപകാരിണിയായ വി. കൊച്ചുത്രേസ്യായോടുള്ള നന്ദി ഒരു ദീർഘനിശ്വാസംമൂലം പ്രകടിപ്പിച്ചിട്ടു അവിടെ ഇരുന്നു. അപ്പോഠം തീവണ്ടിക്കു നേരിട്ട അത്യാഹിതത്തിൻെറ കാരണം അറിവാൻ ആളുകഠം ജിജ്ഞാസുക്കളായി അന്യോന്യം ചോദിക്കുകയും ഭാരവാഹികഠം അന്വേഷണം നടത്തിത്തുടങ്ങുകയുംചെയ്തു. എഞ്ചിനീയറന്മാരും ഗാർഡും മററും വണ്ടിയിൽനിന്നു ഇറങ്ങി. അവരുടെ സംഭാഷണമദ്ധ്യേ, ഡ്രൈവർ മററുള്ളവരോടു ഇങ്ങനെ പറഞ്ഞു: "വണ്ടി സ്റ്റേഷൻ വിട്ടു ഇത്രയും വന്നപ്പോഠം പാതയുടെ മദ്ധ്യത്തിൽ ഒരു കന്യക കരങ്ങഠം വിരിച്ചുപിടിച്ചുകൊണ്ടു നില്ക്കുന്നതു ഞാൻ കണ്ടു. അവഠം സന്യാസജീവിതത്തിൽ സന്തോഷമില്ലാതെ എന്തോ കാരണവശാൽ ആ ജീവിതസ്ഥിതി പരിത്യജിച്ചു ആത്മഹതി ചെയ്യുവാൻ തീവണ്ടിപ്പാതയിൽ വന്നുനില്ക്കയായിരിക്കാം എന്നാണ് ഞാൻ വിചാരിച്ചതു്. ആ സാധുവിനെ രക്ഷിക്കാൻ ധൃതിയിൽ

ഓടുന്ന വണ്ടിക്കു പെട്ടെന്നു ഞാൻ 'ബ്രേയിക്ക്' ഇട്ടു. അതുകൊണ്ടു ബ്രേയിക്ക് ഒടിയുകയും അടുത്തുള്ള രണ്ടു ചക്രങ്ങൾ ഉരുണ്ടു പോകയുംചെയ്തു. ഇങ്ങനെയാണ് വണ്ടിനിന്നതു്." അവർ കന്യകയെ അന്വേഷിച്ചിട്ടു കാണാതെയായപ്പോൾ ഇതു പറഞ്ഞവനു ഭ്രാന്താണെന്നും, അയാൾ സ്വപ്നം കണ്ടതാണെന്നും, മദ്യം സേവിച്ചു ബോധം പോയതിനാൽ എന്തോ പറയുന്നതാണെന്നും മററും പറഞ്ഞു. അതിനു അയാൾ താൻ പറഞ്ഞതു് യഥാർത്ഥസംഭവമാണെന്നു ശപഥം ചെയ്കയാണുണ്ടായതു്. ഇതെല്ലാം കേട്ടുകൊണ്ടിരുന്ന ഫാദർ 'ജെറമില്ലൊ' "നിങ്ങൾ കണ്ട ആ കന്യകക്കു എത്ര പ്രായം ഉണ്ടാകും? അവളുടെ മുഖത്തിന്റെ ആകൃതി എന്തു്?" എന്നും മററും ചോദിച്ചറിഞ്ഞശേഷം, തന്റെ പ്രാർത്ഥനപ്പുസ്തകത്തിൽനിന്നും വി. കൊച്ചുത്രേസ്യായുടെ ഒരു സ്വരൂപം എടുത്തു "നിങ്ങൾ കണ്ട കന്യകയുടെ മുഖഭാവം ഇതാണോ?" എന്നു ചോദിച്ചതിനു അയാൾ "അതേ, അച്ചാ, ഇതുതന്നെയാണ് ആ കന്യകയുടെ ആകൃതി; സത്യമായിട്ടും ഇവളെത്തന്നെയാണ് ഞാൻ കണ്ടതു്" എന്നുപറഞ്ഞു. ഫാദർ ജെറമില്ലൊ കാൎയ്യമെല്ലാം ഗ്രഹിച്ചു. എഞ്ചിനീയറന്മാർ എല്ലാവരുംകൂടി വണ്ടിയുടെ കേടുകൾ തീൎത്തു യാത്ര തുടൎന്നു. ഫാദർ ജെറമില്ലൊ തക്കസമയത്തു് ഗ്രവില്ലാപ്രഭുവിന്റെ ഭവനത്തിലെത്തി മരണപ്രമാദത്തിലായിരുന്ന രോഗിക്കു അന്തിമകൂദാശകളെല്ലാം യഥായോഗ്യം നൽകി, മഹാസന്തോഷത്തോടുകൂടെ മടങ്ങിപ്പോന്നു.

# കാരണം മനസ്സിലായി.

(ശ്രീമാൻ അൻറണി സി. കോയിത്തറ ബി. എ.)

"ഇതുതന്നെയാണ് പററിയ സ്ഥലം. ഹാ! എത്ര നന്നായിരിക്കുന്നു." എന്നു പറഞ്ഞുകൊണ്ടു ലോനപ്പൻ സന്തോഷഭരിതനായി പൂമുഖത്തിന്റെ ചുവരിൽ തൂക്കിയിരുന്ന ഈശോയു

ടെ തിരുഹൃദയത്തിൻെറ പടത്തെനോക്കി. ലോനപ്പൻേറയും ത ങ്കമ്മയുടേയും വിവാഹംനടന്നിട്ടു ഉദ്ദേശം ഒരു മാസമേ ആയിട്ടുള്ളൂ. അതിനിടക്ക് അവർ നിർവ്വഹിച്ച ഒരു പ്രധാന കൃത്യം സ്വകുടുംബത്തെ മിശിഹായുടെ ദിവ്യഹൃദയത്തിന്ന് പ്രതിഷ്ഠിക്ക ആയിരുന്നു.

തങ്കമ്മ: നമ്മുടെ കുടുംബപ്രതിഷ്ഠ കഴിഞ്ഞിട്ട് എന്തെന്നില്ലാത്ത ഒരു സന്തോഷവും സമാധാനവും തോന്നുന്നുണ്ട്.

ലോനപ്പൻ: അതു പറയാനുണ്ടോ. ഈശോതന്നെ വാഗ്ദത്തം ചെയ്തിട്ടുള്ളതല്ലേ. പിന്നെ എങ്ങനെയാണ് നമ്മുടെ കുടുംബത്തെ അവിടന്ന് അനുഗ്രഹിക്കാതിരിക്കുക.

തങ്കമ്മ: വാഗ്ദത്തലംഘനം ചെയ്യുന്നതിന്ന് കർത്താവ് അശക്തനാണല്ലൊ, അല്ലേ?

മേലുദ്ധരിച്ച സംഭാഷണം നടന്നിട്ട് മാസങ്ങൾ ഏഴോ എട്ടോ കഴിഞ്ഞു ലോനപ്പൻെറ സത്സ്വഭാവവും ഔദാര്യബുദ്ധിയും സുഹൃത്തുക്കളുടെ സംഖ്യയെ വർദ്ധിപ്പിച്ചു. അകത്തോലിക്കരായിരുന്നു അവരിൽ ഭൂരിപക്ഷവും. ഞായറാഴ്ചകളും ഒഴിവു ദിവസങ്ങളും വിവിധ വിനോദങ്ങൾക്ക് അവസരംനൽകി. സ്നേഹിതന്മാരെ സ്വീകരിക്കുന്നവിഷയത്തിൽ തങ്കമ്മയുടെ സൽക്കാരസന്നദ്ധങ്ങളായ കരങ്ങൾ ലോനപ്പനെ വേണ്ടവിധം സഹായിച്ചു.

ഈ കാലഘട്ടത്തിൽ ഒരു ദിവസം പ്രഭാതഭോജനവേളയിൽ ലോനപ്പൻ പ്രേയസിയോടായി പറഞ്ഞു: തിരുഹൃദയത്തിൻെറ രൂപം പൂമുഖത്ത്തന്നെ വെക്കണമെന്ന് നിർബ്ബന്ധമുണ്ടോ? ഇന്നലെ ഞാൻ മിസ്റ്റർ ശങ്കരൻ നമ്പ്യാരുടെ വീട്ടിൽ ചീട്ടുകളിക്കാൻ പോയിരുന്നു. പലേ വർത്തമാനങ്ങളുടെ കൂട്ടത്തിൽ ഈ പടത്തെപ്പററി ആരോ പറഞ്ഞു. "ഓ! മിസ്റ്റർ ജോൺ (പരിഷ്ക്കാരികളായ സ്നേഹിതന്മാർ ഇപ്രകാരമണ് ലോനപ്പനെ വിളിക്കാറ്) കത്തോലിക്കനല്ലേ? ആ പടം അവിടെനിന്ന് മാററണമെങ്കിൽ വികാരിയച്ചൻെറ അനുവാദം വേണം." എന്നു മി. ജോബ് ആക്ഷേപിച്ചു. ഇതു കേട്ടിട്ട് സകലരും പൊട്ടിച്ചിരിച്ചു. മി: ജോബ് ഒരു പ്രോട്ടസ്റ്റാൻറുകാരനാണല്ലോ.

"പടം വെച്ചു നമസ്കരിക്കുന്നതിലും കൊന്ത എത്തിക്കുന്നതിലും മററുമല്ല ദൈവസ്നേഹം അടങ്ങിയിരിക്കുന്നതു്. ഹൃദയത്തിലാണു് ഈശ്വരഭക്തി ഉണ്ടായിരിക്കേണ്ടതു്." എന്നു അയാൾ തുടൎന്നുപറഞ്ഞു. അയാളുടെ വാദത്തിനു തക്കതായ ഒരു ഉത്തരം നൽകിയാൽ കൊള്ളാമെന്നു എനിക്കു തോന്നി. വിശുദ്ധ രൂപങ്ങളുടെ അഭിലഷണീയതയേയും കൊന്തനമസ്കാരത്തിൻെറ ആവശ്യകതയേയും വിവരിച്ചുപറയുന്നതിനും അയാളുടെ പ്രോട്ടസ്റ്റാൻറു പഠനങ്ങളെ നിഷ്പ്രയാസം നിഷേധിക്കുന്നതിനും എനിക്കു സാധിക്കുമായിരുന്നു. പക്ഷെ ഞാൻ എന്തൊരു മതഭ്രാന്തനാണെന്നു മററുള്ളവർ കരുതുമല്ലൊ എന്നുള്ള വിചാരത്താൽ ഞാൻ ഒന്നും പറഞ്ഞില്ല. അവരോടൊന്നിച്ചു ഞാനും ചിരിക്കതന്നെ ചെയ്തു.

തങ്കമ്മ ഉത്തരമൊന്നും ഉരിയാടിയില്ല. വിദ്യാഭ്യാസനകാലത്തു് ഒരു കത്തോലിക്കാ കന്യകാമഠത്തിലെ പരിശീലനത്തിനു ഭാഗ്യം സിദ്ധിച്ചിരുന്നതിനാൽ ആ യുവതിയുടെ മതവിശ്വാസം ദൃഢതരമായിരുന്നു. എന്നാൽ കല്യാണാനന്തരം സകലത്തിലും ഭൎത്തൃഹിതാനുവൎത്തിനിയായിരിക്കുക, എന്നായിരുന്നു അവളുടെ വ്രതം. സ്നേഹിതന്മാരുടെ പ്രീതിയെ ഉദ്ദേശിച്ചു് മതപരമായ കാൎയ്യങ്ങളിൽ വിപ്രതിപത്തി നടിക്കുന്നതു് ആശാസ്യമല്ലെന്നു് അവൾ ഗ്രഹിച്ചിരുന്നു. എങ്കിലും അപ്രകാരം തുറന്നു് പറയുന്നതു് ഭൎത്താവിന്നു് നീരസജനകമാകുമോ എന്നുള്ള ഭയം തങ്കമ്മയുടെ അധരങ്ങളെ ബന്ധിച്ചു.

ലോനപ്പൻ തുടൎന്നു: "ആ രൂപം നമുക്കു് എൻെറ സ്വകാൎയ്യമുറിയിൽ വെക്കാം. പൂമുഖത്തു് ഇരുന്നാൽ വരുന്നവരൊക്കെയും കാണുന്നതു് അതായിരിക്കും." "ശരിതന്നെ," എന്നു തങ്കമ്മ സമ്മതിച്ചു. തങ്കമ്മയുടെ ഭൎത്തൃസ്നേഹം നിസ്സീമമായിരുന്നു. തെററായാലും ശരിയായാലും ഭൎത്തൃശാസനത്തെ ശിരസാവഹിക്കുന്നതിനാണു് അവൾ സൎവ്വഥാ സന്നദ്ധയായിരുന്നതു്. പ്രാണനാഥൻെറ പ്രീതിയെക്കാൾ ഉപരിയായി യാതോന്നുംതന്നെ അവൾ ആഗ്രഹിച്ചിരുന്നില്ല. ഭൎത്തൃസ്വഭാവത്തിൽ പ്രത്യക്ഷമായേക്കാ

വുന്ന വൈകല്യങ്ങളെ നിഷ്കാസനം ചെയ്യുന്നതിന്ന് നയപൂർവ്വം പ്രയത്നിക്കുന്നതു് ഗൃഹണീധർമ്മമാണെന്നുള്ള വാസ്തവം ആ സാധ്വി ഗ്രഹിച്ചിരുന്നില്ല തന്നെ.

ദമ്പതിമാർ പടത്തെ പൂമുഖത്തിൻെറ ചുവരിൽ നിന്നെടുത്തു. പടവുംകൊണ്ടു് അവർ ലോനപ്പൻെറ സ്വകാര്യമുറിയിലേക്ക് നടന്നു.

"ഇവിടെ എവിടെയാണു് രൂപം വെക്കുക?" എന്നു പറഞ്ഞുകൊണ്ടു് ലോനപ്പൻ നാലുപാടും നോക്കി. അനന്തരം അയാൾ പറഞ്ഞുതുടങ്ങി: "ഇവിടെ ചുവരിന്മേൽ തൂക്കണമെന്നു എനിക്കു തോന്നുന്നില്ല. ചിലപ്പോഴക്കെ ആ മിസ്റ്റർ കോഷി ചതുരംഗം കളിക്കുന്നതിന്നു് ഈ മുറിയിൽ വരും. അയാൾ ഒരു മൂത്ത മാത്തോമക്കാരനാണു്. പരിഹസിക്കാൻ തുടങ്ങിയാൽ അയാൾക്ക് ഒരു അന്തവും കുന്തവുമില്ല. തിരുഹൃദയത്തിൻെറ രൂപം വീട്ടിൽ ഉണ്ടായിരിക്കണമെന്നല്ലേ ഉള്ളൂ. തൽക്കാലം പടം ഈ അൾമാരിയുടെ പുറകിൽ ഇരിക്കട്ടെ. ആരും അതു് കാണുകയില്ല. പിന്നെ അവിടെനിന്നു് മാററി വേറെ എവിടെയെങ്കിലും വെക്കാം. ഇപ്പോൾ ഇവിടെതന്നെ ഇരിക്കട്ടെ." പച്ചപ്പാവ, തങ്കമ്മ, പ്രാണപ്രിയൻെറ അഭീഷ്ടത്തെ അനുസരിക്കതന്നെ ചെയ്തു. തിരുഹൃദയത്തിൻെറ രൂപം അൾമാരിയുടെ പുറകിൽ മറഞ്ഞു. അനന്തരം ഒരു ചുംബനം കൊണ്ടു് തങ്കമ്മയെ സന്തോഷിപ്പിച്ചിട്ടു് ലോനപ്പൻ തൻെറ ജോലിസ്ഥലത്തേക്കു് തിരിച്ചു.

ആഴ്ചകളും മാസങ്ങളും എങ്ങോട്ടെന്നില്ലാതെ ദ്രുതഗതിയിൽ പ്രയാണം ചെയ്തുകൊണ്ടിരുന്നു. ലോനപ്പൻ ഒരു മോട്ടോർ കമ്പനിയിലാണു് ജോലി ചെയ്തിരുന്നതു്. സാമ്പത്തികാധഃപതനവും വ്യാപാരമാന്ദ്യവും കമ്പനിയെ അസാധാരണമായി സ്പർശിച്ചു. തൽഫലമായി ജോലിക്കാരുടെ സംഖ്യ കുറക്കുന്നതിന്നു് കമ്പനിയുടമസ്ഥന്മാർ തീർച്ചയാക്കി. പിരിച്ചു വിട്ടവരിൽ ലോനപ്പനും ഉൾപെട്ടു.

ലോനപ്പൻേറയും തങ്കമ്മയുടേയും വൈവാഹികജീവിതത്തിൽ വലുതായൊരു വ്യതിചലനം സാവധാനത്തിൽ പ്രത്യക്ഷമായി.

കുടുംബത്തിലെ കോശസ്ഥിതി ശുഷ്കിച്ചു. ദമ്പതിമാരുടെ സ്നേഹസല്ലാപങ്ങൾ അസ്തപ്രായമായിതീൎന്നു. വിരസതയും പിറുപിറുപ്പും ആവിൎഭവിച്ചു. ദാമ്പത്യജീവിതത്തിന്റെ രാമണീയകത്വം നിശ്ശേഷം നീങ്ങി. ഭാൎയ്യാഭൎത്താക്കന്മാരുടെ മനോമുകുളങ്ങൾ അവാച്യമായ ഏതോ മഹാതുരതയാൽ ആവേഷ്ടിതമായി. ഹൃദയം നിരാശാവേശ്മങ്ങളുമായി.

ലോനപ്പന്ന് ജീവിതം ഭാരമായിത്തോന്നി. ലോകക്ലേശങ്ങളുടെ പ്രവൃദ്ധദാൎഢ്യം അയാളെ സംഭ്രാന്തചിത്തനാക്കി. പലപ്പോഴും ഹസ്തങ്ങളെ ഫാലപ്രദേശത്തിന്ന് ഉപധാനമാക്കികൊണ്ട് അയാൾ പകൽ മുഴുവനും സ്വന്തമുറിയിൽ കഴിച്ചുകൂട്ടിയിരുന്നു. ഒരുദിവസം മേശമേൽ ചിന്നിച്ചിതറിക്കിടന്നിരുന്ന പുസ്തകങ്ങളും കടലാസുകളും അടുക്കി വെക്കുന്നതിനിടക്ക് തന്റെ പഴയ ജപപ്പുസ്തകത്തെ അയാൾ കണ്ടെത്തി. ആ പുസ്തകത്തെ എടുത്തതോടുകൂടി അതിൽനിന്ന് തിരുഹൃദയത്തിന്റെ ഒരു പടം താഴത്ത് വീണു. ലോനപ്പൻ പടം കൈയിൽ എടുത്തു. അതിന്റെ മറുവശത്ത് അച്ചടിച്ചിരുന്ന തിരുഹൃദയ വാഗ്ദാനങ്ങൾ അയാളുടെ ദൃഷ്ടികളെ ഹഠാദാകൎഷിച്ചു. സാവധാനത്തിൽ അയാൾ അവയെ പാരായണംചെയ്തു. "എന്റെ ദിവ്യഹൃദയത്തിന്റെ രൂപം പരസ്യമായിവെച്ച് വണങ്ങുന്ന ഓരോ കുടുംബത്തേയും ഞാൻ ആശീൎവ്വദിക്കും." ലോനപ്പൻ ഓരോവാക്കും നിൎത്തി നിൎത്തി വായിച്ചു. അയാളുടെ ഉത്തമാംഗം മന്ദമായി ചലിച്ചു. അയാൾ എന്തൊ മനസ്സിലാക്കി. "തിരുഹൃദയത്തിന്റെ രൂപം പരസ്യമായിവെച്ചു വണങ്ങുന്ന കുടുംബങ്ങളെയാണ് ഈശോ ആശീൎവ്വദിക്കുന്നത്. ഓ! വെറുതെയല്ലാ ഈ കുടുംബത്തിൽ ദൈവാനുഗ്രഹം ഇല്ലാതായിപ്പോയത്" എന്നിങ്ങനെ ലോനപ്പൻ തന്നോടായിത്തന്നെ പറഞ്ഞു.

# "ആശ്രയം, തിരുഹൃദയം."

(ശാസ്താംകോട്ട എ. ആന്റണി ഫെർണാണ്ടസ്)

(മത്തഡാംപാരായ്. എ. മ.)

ആശ്രയം തിരുഹൃദയം, ദൈവികാലയം (ആ)
ആനന്ദാമൃതകയം മുക്തി ചിന്താവിഷയം (ആ)

മായാമയമായിട്ടും ലോകരംഗേനടനം
ചെയ്തു സൽഗതിതേടും പാപിയിവനൂനം (ആ)

ജാലം കലന്ന് ജാലം വച്ചു ചാതുര്യതരം
നാരകഭൃത്യജാലം പോരിനായ് വരും നേരം (ആ)

ദീപത്തിൽ ശലഭംപോൽ സംഹനന മോഹത്തിൽ
വീഴാൻതുടങ്ങുമാപൽഘട്ടത്തിലീയുലകിൽ (ആ)

# ജ്ഞാനസ്നാനകർമ്മം

(റവ. ഫാദർ സെറാഫിൻ ബെനഡിക്ററ്.)

## III

### ജ്ഞാനസ്നാനമാതാപിതാക്കൾ. (തുടർച്ച)

ജ്ഞാനസ്നാനമാതാപിതാക്കൾക്കു അവശ്യം ഉണ്ടായിരിക്കേണ്ട ഗുണലക്ഷണങ്ങൾ: വിശുദ്ധ സഭ അവളുടെ വൈദികരോടു, ജ്ഞാനസ്നാനമാതാപിതാക്കളായി നില്ക്കുവാൻ ഇച്ഛിക്കുന്നവരെപ്പററി ശരിയായ അന്വേഷണം ചെയ്യണമെന്നും, കുട്ടിയുടെ ആദ്ധ്യാത്മികാഭിവൃദ്ധിയെ കാംക്ഷിക്കയും തദനുസാരം അഭിയത്നിക്കയും ചെയ്യുമെന്ന പൂർണ്ണബോധ്യമുള്ളവരെമാത്രമെ ഈ മഹാ ഉത്തരവാദിത്വമുള്ള ജോലിക്കായി തിരിഞ്ഞെടുക്കാവൂ എന്നും നിഷ്കർഷിച്ചിട്ടുള്ളതിൽനിന്നു ജ്ഞാനസ്നാനമാതാപിതാക്കൾക്കുണ്ടായിരിക്കേണ്ട ഗുണലക്ഷണങ്ങൾ ഏവയെന്നു സുവ്യക്തമാണല്ലോ.

തലതൊടുന്നവർ, രണ്ടുപേരും പുരുഷന്മാരോ, രണ്ടുപേരും

സ്ത്രീകളോ ആയിരിക്കരുത്. ഒന്നു പുരുഷനും ഒന്നു സ്ത്രീയും ആയിരിക്കണം. എന്തുകൊണ്ടെന്നാൽ ആദ്ധ്യാത്മികവും സ്വാഭാവികവുമായ മാതൃത്വപിതൃത്വങ്ങൾ തമ്മിൽ സാദൃശ്യമുണ്ടായിരിക്കുക എന്നതു സമുചിതമാണല്ലോ. തലതൊടുവാൻ ഒരാൾ മാത്രമേയുള്ളു എന്ന സന്ദർഭങ്ങളും ഉണ്ടാകാറുണ്ട്. അപ്പോഴെല്ലാം ആൺകുട്ടികളെ തലതൊടുന്നതു പുരുഷന്മാരും, പെൺകുട്ടികളെ തലതൊടുന്നതു സ്ത്രീകളുമായിട്ടാണു പ്രായേണ കണ്ടുവരുന്നത്. പക്ഷെ ഇങ്ങനെ ആയിരിക്കുന്നതു ഏററം നന്ന്. എന്തുകൊണ്ടെന്നാൽ ഈ സ്ഥിതിയിൽ, തലതൊട്ടയാൾ തലതൊടപ്പെട്ടയാളെ വിവിഹാം കഴിച്ചു എന്നു വരുന്നതല്ലല്ലോ. മാതാപിതാക്കൾ തങ്ങളുടെ സ്വന്തകുട്ടിയുടെ ജ്ഞാനസ്നാനമാതാപിതാക്കൾ കൂടിയാകുവാൻ പാടുള്ളതല്ല. ആത്മീയവും ശാരീരികവുമായ മാതൃത്വപിതൃത്വങ്ങൾ അത്യന്തം വ്യത്യസ്തങ്ങളാണ്. മാത്രമല്ല, ഒരാൾക്കുതന്നെ ഈ രണ്ടു ബന്ധങ്ങളും ഉണ്ടായിരിക്കുന്നത് യുക്തമല്ലല്ലൊ.

പുതിയ കാനോനിക നിയമസംഹിതയനുസരിച്ചു, ജ്ഞാനസ്നാനമേല്പിക്കപ്പെടുന്നതു് (വീട്ടിൽവച്ചോമററോ ബാഹ്യാഘോഷങ്ങളൊന്നും കൂടാതെ) രഹസ്യത്തിലായിരുന്നാലും, സാദ്ധ്യമെങ്കിൽ, തലതൊടുവാൻ ഒരാളുണ്ടായിരിക്കണം എന്ന നിഷ്കൂഷയുണ്ട്. അയാളും ആദ്ധ്യാത്മികമായ ഒരു ബന്ധം അതുമൂലം സമ്പാദിക്കുന്നു എന്നു പ്രത്യേകാൽ പറയേണ്ടതില്ലല്ലോ. ജ്ഞാനസ്നാനമേല്പിക്കുന്നയാൾക്കും ഇങ്ങനെയൊരു ബന്ധം ഉണ്ടാകുന്നുണ്ടു. രഹസ്യമായി ജ്ഞാനസ്നാനമേല്പിച്ചപ്പോൾ തല തൊടുവാൻ ആരുമില്ലായിരുന്നുവെങ്കിൽതന്നെയും, അനന്തരം ബാഹ്യകർമ്മങ്ങളെല്ലാം പൂർത്തിയായി ചെയ്യപ്പെടുമ്പോൾ ഒരാൾ ഉണ്ടായിരിക്കണമെന്നുണ്ട്. പക്ഷെ ഈ ആൾക്കു പിന്നീടു ആ കുട്ടിയുമായി വിവാഹം ചെയ്യുന്നതിനു യാതൊരു തടസ്സവുമില്ല.

ഏതെങ്കിലുമൊരവസരത്തിൽ നൽകപ്പെട്ട ജ്ഞാനസ്നാനം ഏതെങ്കിലും വിധത്തിൽ സംശയഗ്രസ്തമോ അവാസ്തവമോ ആയിവന്നാൽ, ആ കുറവു തീർക്കുവാനായി പിന്നീടു വ്യവസ്ഥാപൂർവ്വം

(conditionally) നൽകുന്ന ജ്ഞാനസ്നാനത്തിൽ മുമ്പുനിന്നിരു ന്ന ആൾതന്നെ ലിംഗഭേദമനുസരിച്ച് ജ്ഞാനസ്നാനമാതാവോ പിതാവോ ആയി നില്ക്കണം. അപ്പോൾ ആത്മീയബന്ധത്തിൽ നിന്നുൽഭൂതമാകുന്ന പ്രതിബന്ധങ്ങളും പൂർണ്ണശക്തിയോടെ പ്ര തിബന്ധങ്ങളായി ഭവിക്കുന്നു. എന്നാൽ ഇയാൾക്കു രണ്ടാമത്തെ പ്രാവശ്യം സന്നിഹിതനാകുവാൻ സംഗതിയാകാതെ വന്നാൽ മറെറാരുവനെ ആവശ്യമില്ല. (ഒരുവൻ ഉണ്ടായിരിക്കുന്നതുകൊ ണ്ടു തരക്കേടൊന്നുമില്ലതാനും) ഇയാൾക്കു കുട്ടിയുമായി വൈവാ ഹിക പ്രതിബന്ധങ്ങളൊന്നും ഉണ്ടാകുന്നുമില്ല.

ഒരു സന്യാസസഭാംഗത്തിനു ജ്ഞാനസ്നാനമാതാവോ പി താവോ ആകുവാൻ പാടുണ്ട്. പക്ഷെ അതു് അതിനുതക്ക ആ വശ്യമുള്ളപ്പോഴും ശ്രേഷ്ഠാനുവാദത്തോടുകൂടിയും ആയിരിക്കണം. വൈദികർ ജ്ഞാനസ്നാനപിതാക്കളായിരിക്കുവാൻ പാടില്ല. വേ ണ്ടിവന്നാൽ, ആയതു് മെത്രാൻെറ പ്രത്യേകാനുവാദത്തോടുകൂടി ആയിരിക്കണമെന്നു നിയമമുണ്ട്.

കൊച്ചുകുട്ടികൾ ജ്ഞാനസ്നാന മാതാപിതാക്കളായിക്കൂടാ എന്നു വിശുദ്ധ സഭ നിർദ്ദേശിക്കുന്നു. അവർ പതിന്നാലു വയ സ്സോ അതിലധികമോ പ്രായം ചെന്നവരായിരിക്കണം. ഇതി ലേയ്ക്കു അകത്തോലിക്കരെ തിരിഞ്ഞെടുക്കുവാൻ പാടില്ല എന്നു സഭ ആജ്ഞാപിക്കുന്നു. എന്തുകൊണ്ടെന്നാൽ അവരുടെ സ ന്താനങ്ങളുടെ ക്രിസ്തീയമായ പരിശീലനം പതിതരെയും പാഷ ണ്ഡരെയും ഏല്പിച്ചുകൊടുത്താൽ അതു പന്തിയാകയില്ലെന്നു അവർക്കു നന്നായി അറിയാം. പൊതുവായി പറയുന്നതായാ ൽ, ആധ്യാത്മിക മാതാപിതാക്കളുടെ കടമകൾ വിശ്വസ്തത യോടെ നിർവ്വഹിക്കുവാൻ അശക്തരോ അലസരോ ആയ യാ തൊരുവനെയും ഈ വിശുദ്ധ ജോലിക്കായി തിരിഞ്ഞെടുക്കാവു ന്നതല്ല.

കുട്ടിയുടെ ജനയിതാവു ജ്ഞാനസ്നാനകർമ്മത്തിൽ സംബ ന്ധിക്കുവാൻ വരുന്നില്ലെങ്കിൽ, വൈദികൻ ചോദിക്കുന്ന ഏതാ നും ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ജ്ഞാനസ്നാനപിതാവു

തയാറായിരിക്കണം. കുട്ടിയുടെ മാതാപിതാക്കന്മാരുടെ പേരെന്ത്? അവരുടെ ഇടവകയേത്? കുട്ടി ജനിച്ച ദിവസമേത്? കുട്ടിക്കു കൊടുക്കുവാനുദ്ദേശിക്കുന്ന പേരെന്ത്? കുട്ടി രഹസ്യത്തിൽ ജ്ഞാനസ്നാനം ഏറ്റിട്ടുണ്ടോ? ഉണ്ടെങ്കിൽ ആരാൽ ജ്ഞാനസ്നാനം ചെയ്യപ്പെട്ടു? എന്നിവയായിരിക്കും ആ ചോദ്യങ്ങൾ. കഴിവുള്ളപ്പോഴൊക്കെയും രഹസ്യത്തിൽ ജ്ഞാനസ്നാനം നൽകിയ ആൾ തന്നെ വന്നു എങ്ങനെയാണ് അതു നൽകപ്പെട്ടതെന്നും മററും വൈദികനോടു വിവരിച്ചു പറയുന്നതു നന്നായിരിക്കും. അതിൽനിന്ന്, നൽകപ്പെട്ട ജ്ഞാനസ്നാനം വാസ്തവമായതോ അല്ലാത്തതോ എന്നു ഗ്രഹിക്കുവാൻ സാധിക്കുകയും ചെയ്യും.

കുട്ടിയുടെ പേർ: കുട്ടിക്കു എന്തു പേരിടണമെന്നതിനെപ്പററി ജ്ഞാനസ്നാനമാതാപിതാക്കൾ വൈദികനോടു പറയേണ്ടതുള്ളതിനാൽ പേർ തിരിഞ്ഞെടുക്കുന്നതിനെക്കുറിച്ചും ഒന്നു രണ്ടു വാക്കു പറയേണ്ടതുണ്ട്. കുട്ടിക്കു നൽകുന്നതു ഒരു ക്രിസ്തീയ നാമം – ഒരു പുണ്യവാന്റെ നാമം – ആയിരിക്കണമെന്നാണ് തിരുസ്സഭ ആഗ്രഹിക്കുന്നത്. ഈ ആഗ്രഹം, അവളുടെ കർമ്മകാണ്ഡത്തിൽനിന്നും അവളുടെ അദ്ധ്യാപകന്മാരുടെ ഗ്രന്ഥങ്ങളിൽനിന്നും ഏവനും തെളിവായി ഗ്രഹിക്കാവുന്നതത്രേ. ഒരു പുണ്യവാന്റെ പേരിടുന്നപക്ഷം ആ കുട്ടിക്കു പ്രസ്തുത പുണ്യവാന്റെ ഗുണഗണങ്ങളെ അനുകരിക്കുന്നതിനും അദ്ദേഹത്തെപ്പോലെ മറെറാരു പുണ്യവാനായിത്തീരുന്നതിനും സാധിക്കും. മാത്രമല്ല, ഇങ്ങനെ മദ്ധ്യസ്ഥനായി തിരിഞ്ഞെടുക്കപ്പെടുന്ന ആ പുണ്യവാൻ സ്വർഗ്ഗത്തിൽ ആ കുട്ടിക്കുവേണ്ടി ദൈവസമക്ഷം മാദ്ധ്യസ്ഥം പറകയും, ഭൂമിയിൽവച്ച് ആ കുട്ടിയുടെ ആത്മാവിന്റെയും ശരീരത്തിന്റെയും ഒരു കാവൽക്കാരനായി വർത്തിക്കയും ചെയ്യും.

ഇത് ഒഴിച്ചുകൂടാത്ത ഒരു ചുമതലയാണോ? അല്ല, കുട്ടിക്കു മിക്കവാറും ഒരു പുണ്യവാന്റെ പേരിട്ടാൽ കൊള്ളാമെന്നു സഭയുടെ കർമ്മകാണ്ഡം വൈദികനെ ഉപദേശിക്കുകമാത്രമാണ് ചെയ്യുന്നത്. എന്നാൽ ആ കുട്ടിക്കു പൈതൃകാവകാശം ലഭിക്കുന്നതിനോ കുട്ടിയുടെ ബന്ധത്തിൽപെട്ട ഒരുവന്റെ സ്മരണ

കൊണ്ടാടുന്നതിനോ മറേറാ ആയിട്ട വേറൊരു പേരിടേണ്ടതായി വരുന്നാക്കാം. ഇങ്ങനെ വേണ്ടിവരുമ്പോഴൊക്കെ അതോടൊപ്പം ഏതെങ്കിലും ഒരു പുണ്യാത്മാവിൻെറ പേർക്രുടി അതിനോടു അനുബന്ധിക്കുന്നതു എല്ലാംകൊണ്ടും നന്നായിരിക്കും. അല്ലാത്ത സന്ദർഭങ്ങളിലെല്ലാം ഒരു പുണ്യവാൻെറ പേരാണു തങ്ങളുടെ സന്താനത്തിനു പ്രയോജനകരമെന്നു കത്തോലിക്ക മാതാപിതാക്കൾ പ്രത്യേകം അറിഞ്ഞിരിക്കേണ്ടതത്രെ. ഒരാണ്ടുവട്ടത്തിൽ മുന്നൂററിഅറുപത്തഞ്ചു ദിവസമാണല്ലോ ഉള്ളതു്. ഇവ ഓരോന്നും പല പുണ്യവാന്മാരുടെ ദിനമാണ്. എന്നിട്ടും ഇംഗ്ലീഷ്കാരിൽ ചിലർ തങ്ങളുടെ മക്കളെ 'സ്റ്റോൺ'(Stone=കല്ല്) എന്നും, 'ഫോക്സ്' (Fox=കുറുക്കൻ) എന്നും, ഏകദേശം അവരെ അനുകരിച്ച് നമ്മിൽ ചില പരിഷ്ക്കാരികൾ 'ബേബി' (Baby=കുട്ടി) എന്നും 'റോസി'(Rosy=റോസിൻെറ നിറമുള്ളവൾ) എന്നും' മററുചില സാധാരണക്കാർ 'ബാവ' എന്നും 'പെണ്ണമ്മ' എന്നും, 'ചിക്ക' എന്നും, 'കിത്തോ' എന്നും, 'അച്ചക്കുട്ടി' എന്നും 'തുമ്മി' എന്നും മററും വിളിച്ചു പോരുന്നതു ഒട്ടും ആശാസ്യമല്ലതന്നെ. ആകയാൽ കുട്ടി ജനിച്ചദിവസത്തെ പുണ്യവാൻെറ അഥവാ പുണ്യവതിയുടെ പേരെന്തെന്നു വൈദികനോടു ചോദിച്ചറിഞ്ഞിട്ട് ആ പേർ തന്നെ കുട്ടിക്കു നൽകുകയും അങ്ങനെ തന്നെ (വീട്ടിലും) വിളിക്കുകയാണു എല്ലാം കൊണ്ടും പ്രയോജനകരം. (ശ്രുഭം.)

---

അന്യരെ സംബന്ധിച്ച കാര്യങ്ങളിൽ വൃഥാ ഏർപ്പെടുകയോ, മനസ്സിൽ അവയെക്കുറിച്ച് വിമർശനം നടത്തുകയോ, ചെയ്യാതിരിക്കാൻ സൂക്ഷിക്കണം. എന്തെന്നാൽ ഏതൻമൂലം നിൻെറ സ്വന്തകടമയെ നിർവഹിക്കുന്നതിന് ഒരുപക്ഷെ നിനക്കു സാധിച്ചില്ലെന്നുവന്നേയ്ക്കാം.

അന്യരുടെ ന്യൂനതകളെക്കുറിച്ചുള്ള സംസാരങ്ങളെ ഒരിക്കലും നീ ശ്രവിക്കരുതു്. ഒരുവൻ അവനെപ്പററി ദൂഷ്യം പറയുന്നതു നീ കേൾക്കുമ്പോൾ അയാളെക്കുറിച്ചു സംസാരിക്കയേ വേണ്ടെന്നു വിനയസമേതം അയാളോടു പറയണം.

൧൯൩൭ ഫെബ്രുവരി മാസത്തെ

# പൊതുനിയോഗം

## കത്തോലിക്കാപ്രവർത്തനം.

കഴിഞ്ഞ ഡിസമ്പർ മാസത്തിൽ പൂനായിൽ സമ്മേളിച്ച ൩-ാമത്തു സർവ്വേന്ത്യാ കത്തോലിക്ക കോൺഗ്രസ്സിൽ കത്തോലിക്കാപ്രവർത്തനത്തെപ്പററി പൂനാ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ചെയ്ത ഉൽഘാടനപ്രസംഗത്തിൽ പ്രത്യേകം പ്രസ്താവിച്ചിരുന്നു. കത്തോലിക്കകുടുംബത്തിൻെറയും അതിൻെറ അടിസ്ഥാനമായ വിവാഹത്തിൻെറയും പ്രഭാവത്തേയും പരിശുദ്ധിയേയും നശിപ്പിക്കുവാനാണു നിരീശ്വരനിർമ്മതപ്രസ്ഥാനക്കാർ അഹോരാത്രം പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിനാൽ കത്തോലിക്കകുടുംബത്തെ വചനംകൊണ്ടും സന്മാതൃകകൊണ്ടും സമാദരിക്കുന്നതും അതിൻെറ നൈർമ്മല്യത്തെയും പരിശുദ്ധിയേയും പരിപാലിക്കുന്നതും ഒരു പ്രധാന കത്തോലിക്ക പ്രവർത്തനമാണ്. ഇതും ഇതുപോലെയുള്ള മററനേകം സംഗതികളും കത്തോലിക്കാ പ്രവർത്തനത്തിൻെറ വിഷയങ്ങളാകുന്നുണ്ട്. അവയോരോന്നും ഇവിടെ വിവരിക്കുന്നില്ല. ഓരോരുത്തരും കത്തോലിക്ക പ്രവർത്തനത്തിൽ യഥാശക്തി ഭാഗഭാക്കാവുന്നതിനും തദ്വാരാ അതു പുഷ്ടിപ്പെട്ടു വരുന്നതിനും തിരുഹൃദയ സഭക്കാർ ഈ മാസത്തിൽ സവിശേഷം പ്രാർത്ഥിക്കേണ്ടതാണ്.

---

നിൻെറ എല്ലാ അനർത്ഥങ്ങളിലും ദൃഢശരണത്തോടുകൂടി ദൈവസന്നിധിയെ നീ പ്രാപിക്കുന്നെങ്കിൽ നിനക്ക് ആശ്വാസവും, അറിവും, പ്രകാശവും ലഭിക്കും.

ദൈവം, തൻെറ മഹത്വത്തെപ്രതി, നിൻെറ ന്യൂനതകളെ പരിഹരിക്കണമെന്നു ജാഗ്രതയുള്ള ഒരാഗ്രഹം നിനക്കുണ്ടായിരിക്കട്ടെ.

നിനക്കു ദൈവത്തിൽ നിരന്തരശരണം ഉണ്ടായിരിക്കട്ടെ. നിന്നിലും അന്യരിലും ദൈവം വിലമതിക്കുന്നവയെ - ആത്മികദാനങ്ങളെ - നീയും വിലമതിക്കുക.

# കുറിപ്പുകൾ.

സ്ഥലം ആശ്രമദേവാലയത്തിൽ നാല്പതുമണിയാരാധന പതിവുപോലെ ഡിസമ്പർ ൩൦, ൩൧, ജനുവരി ൧ എന്നീ തീയതികളിൽ പൂർവ്വാധികം ഭംഗിയായി കഴിഞ്ഞുകൂടിയിരുന്നു. ആദ്യദിവസം കൊച്ചിമെത്രാൻ ഠി. വ. ദിവ്യശ്രീ ഡോക്ടർ എ. നീവെസ് തിരുമേനിയും അവസാനദിവസം എറണാകുളം മെത്രാപ്പോലീത്താ മ. വ. ദിവ്യശ്രീ ഡോക്ടർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ടും ദിവ്യകാരുണ്യപ്രദക്ഷിണവും വാഴ്‌വും നടത്തുകയുണ്ടായി. പ്രസ്തുത ദിവസങ്ങളിൽ വി. കുർബാന കൈക്കൊണ്ടവരുടെ സംഖ്യ ആറായിരത്തിൽ പരമാണ്.

വെസ്റ്റ് മിനിസ്റ്റർ മെത്രാപ്പോലീത്തായായിരുന്ന കർദ്ദിനാൾ ഫ്രാൻസീസ് ബൂൺ തിരുമനസ്സുകൊണ്ടു ജനുവരി ൧-ാം തീയതി ൭൩-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. അദ്ദേഹം ൫൦ കൊല്ലം വൈദികനായും ൩൨ കൊല്ലം മെത്രാപ്പോലീത്തയായും ൨൩ കൊല്ലം കർദ്ദിനാളായും തിരുസഭയ്ക്കു നാനാതരങ്ങളായ സേവനങ്ങൾ ചെയ്തിട്ടുണ്ട്.

വത്തിക്കാനിൽനിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു പുതിയ പട്ടിക അനുസരിച്ചു അവിടെ ഇപ്പോൾ ൩൭ രാജ്യങ്ങളുടെ പ്രതിനിധികളുണ്ടെന്നു കാണുന്നു.

മെക്സിക്കോയിൽ മതപീഡനം ഒന്നിനൊന്നു ശക്തിപ്പെട്ടാണ് വരുന്നതു്. തങ്ങളുടെ സഹോദരങ്ങളുടെ ഈ ദാരുണാവസ്ഥയിൽ അനുകമ്പിതരായ ഐക്യനാടുകളിലെ കത്തോലിക്കർ അവർക്കുവേണ്ടി പ്രാർത്ഥിക്കയും മെക്സിക്കൻ സാമാനങ്ങളെ ബോയിക്കോട്ടുചെയ്കയും മതപീഡനം അവസാനിക്കുന്നതുവരെ ലഹരി സാധനങ്ങൾ ഉപയോഗിക്കുകയോ നാടകങ്ങളും സിനിമകളും കാണുകയോ ചെയ്കയില്ലെന്നു തീർമ്മാനിക്കയും ചെയ്തിരിക്കുന്നു. ന്യൂയർക്കിലുള്ള മെക്സിക്കൻ കൺസലിന്റെ ഭവനത്തിനു മുമ്പിൽ ൨൦൦ കത്തോലിക്കാ സ്ത്രീപുരുഷന്മാർ പിക്കററ് ചെയ്തുകൊണ്ടു മെക്സിക്കോയിലെ മതപീഡനത്തോടു തങ്ങൾക്കുള്ള പ്രതിഷേധത്തെ രേഖപ്പെടുത്തിയിരിക്കുന്നു.

ആസ്ത്രേലിയായിലെ വിക്ടോറിയ ദേശത്തിന്റെ ശതാബ്ദപൂർത്തി പ്രമാണിച്ചു ഈ ഡിസമ്പർമാസത്തിൽ ഒരാഴ്ച ദീർഘിച്ച ഒരു ദേശീയ ദിവ്യകാരുണ്യസമ്മേളനം നടന്നിരിക്കുന്നു. ഇതിൽ ഏഷ്യാ, ആഫ്രിക്ക, അമ്മേരിക്ക, മുതലായ എല്ലാ ഭൂഖണ്ഡങ്ങളിൽനിന്നും അനവധി ജനങ്ങൾ സംബന്ധിച്ചിരുന്നു. കർദ്ദിനാൾ മക്‌റേറായി തിരുമനസ്സുകൊണ്ടാണ് അവിടെ മാർപ്പാപ്പയുടെ പ്രതിനിധിയായി എത്തിയിരുന്നതു്.

ലോക സഞ്ചാരാർത്ഥം ആസ്ത്രേലിയായിൽ നിന്നു പുറപ്പെട്ടിട്ടുള്ള വന്ന വിദ്യാർത്ഥികൾ ഇന്ത്യയിൽ എത്തിസഞ്ചരിച്ചു വരുന്നു.

സാമ്രാജ്യ നിയമ സഭയിലേയ്ക്കു ഇന്ത്യൻ ക്രിസ്ത്യാനികളുടെ പ്രതിനിധിയായി ഡോക്ടർ ഏഫ്. എക്സ്. ഡിസൂസായെത്തന്നെ വീണ്ടും ഗവർമ്മെൻറു നോമിനേററു ചെയ്തിരിക്കുന്നു.

കൊച്ചി മഹാരാജാവു തിരുമനസ്സിലേയ്ക്കു ചക്രവർത്തി കല്പിച്ചു നൽകിയിട്ടുള്ള ജി. സി. ഐ. ഇ. (ഗ്രെറ്റ് ഗ്രാണ്ട് കമ്മാഡർഷിപ്പ് ഓഫ് ദി ഇൻഡ്യൻ എമ്പയർ) എന്ന സ്ഥാനപദവി സംബന്ധിച്ചുള്ള മുദ്രാധാരണ കർമ്മം അടുത്ത മാർച്ചുമാസാദ്യത്തിൽ വൈസ്രോയി ഡൽഹിയിൽവെച്ചു നടത്താൻ നിശ്ചയിച്ചിട്ടുള്ളതുകൊണ്ട് ഫെബ്രുവരി മാസാദ്യത്തിൽ തിരുമനസ്സുകൊണ്ടു ഉത്തരേന്ത്യയിലേയ്ക്കു പുറപ്പെടുന്നതാണെന്നറിയുന്നു.

ബ്രിട്ടീഷ് സാമ്രാജ്യത്തിലെ ഏററം പ്രായംക്രൂടിയ മെത്രാപ്പോലീത്തായായിരുന്ന ന്യൂസീലണ്ടിലെ റെഡ്‌വുഡ് മെത്രാപ്പോലീത്താ ൻ൯-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

൩൩-ാമത്തെ സർവരാജ്യ ദിവ്യകാരുണ്യ കോൺഗ്രസ്സ്, ഫിലിപ്പൈൻ ദ്വീപുകളുടെ തലസ്ഥാനമായ മാനിലായിൽവെച്ചു ൧൯൩൭ ഫെബ്രുവരി ൩ മുതൽ ൭ വരെ തീയതികളിൽ നടത്തപ്പെടുന്നതാണ്

പുതിയ ഡയറക്ടറി അനുസരിച്ചു ഇംഗ്ലണ്ടിൽ ൨൩,൨൮,൮൮൦ കത്തോലിക്കരും ൩൨൬൬ ഇടവകപ്പട്ടക്കാരും ൮൭൨൩ സന്യാസ വൈദികരും ൯൨൪ സെക്കണ്ടറി വിദ്യാലയങ്ങളുമുണ്ടു. കഴിഞ്ഞ പത്തുകൊല്ലത്തിനുള്ളിൽ അവിടെ ൮൨൮,൮൭൯ പേർ കത്തോലിക്കമതം സ്വീകരിച്ചിട്ടുണ്ട്.

ഈയിടെ ദിവ്യകാരുണ്യ കോൺഗ്രസ്സ് നടന്ന അർജൻറിനായിലെ പ്രസിഡൻറായ ജനറൽ ജൂസ്റ്റോയിക്ക് അദ്ദേഹത്തിൽ തനിക്കുള്ള അഭിനന്ദനസൂചകമായി പരിശുദ്ധ പിതാവു The Supreme Order of Christ എന്ന അസാധാരണബഹുമതി നൽകിയിരിക്കുന്നു. പേപ്പൽ ബിരുദങ്ങളിൽ ഏററവും പ്രമുഖവും പ്രാചീനവുമായ ഇതിനേക്കാൾ ഉന്നതമായ പപ്പൽ ബഹുമതിയില്ലതന്നെ. ഇററലിയിലെ രാജാവ്, പ്രിൻസ് പീഡ്മൺഡ് മുതലായി തിരഞ്ഞെടുക്കപ്പെട്ട ചുരുക്കം ചിലർക്കേ അതു ലഭിച്ചിട്ടുള്ളു.

കർദ്ദിനാൾ ഗസ്പാരിയുടെ മരണം മൂലം ഒഴിവുവന്ന സലേഷ്യൻ സഭയുടെ കാർഡിനൽ പ്രൊട്ടക്ററർ എന്ന സ്ഥാനത്തേയ്ക്കു കർദ്ദിനാൾ പച്ചെല്ലിയെ പരിശുദ്ധപിതാവു നിയമിച്ചിരിക്കുന്നു.

വെണ്ടുരുത്തിപ്പള്ളി പാരക്രൂസ് വന്ദ്യ ദിവ്യശ്രീ ഫാദർ അഗസ്റ്റിൻ ചക്കാലയ്ക്കൽ അവർകളെ എറണാകുളം ഡിസ്ട്രിക്ടിൻെറ ഫൊറോൻ വികാരിയായും നവ വൈദികനായ റവ. ഫാദർ ജെയിക്കബ് കല്ലറയ്ക്കൽ അവർകളെ പെരുമാനൂർ പള്ളിയിലെ കോവപ്പ്രോരയിററർ (തേവര സെൻറു ജോസഫ് പള്ളിയുടെ ചാർജ്) ആയും നിയമിച്ചിരിക്കുന്നു.

മഞ്ഞപ്ര പള്ളി ഇടവക വടക്കുഞ്ചേരി വക്കി പൌലോയുടെ ഭാര്യ ശ്രീമതി ഏലീശാ, തൻെറ ൭൮-ാമത്തെ വയസ്സിൽ ജനുവരി ൮-ാം തീയതിയും ചിററമൽ ദേവസ്സി വക്കി തൻെറ ൭൩-ാമത്തെ വയസ്സിൽ ജനുവരി ൩-ാം തീയതിയും അന്ത്യ കൂദാശകളെല്ലാം കൈക്കൊണ്ടു മരണം പ്രാപിച്ചിരിക്കുന്നു. ഇവരുടെ നിത്യശാന്തിക്കായി വായനക്കാർ പ്രാൎത്ഥിപ്പാറാകണം.

# പാമ്പിൻവിഷത്തിന പ്രതിവിധി.

സപ്പ്ദംശനമേററവക്ക ഏററവും ഫലപ്രദവും സുകരവുമായ ഒരു ഔഷധമാണ് പുകയില എന്ന മദ്രാസിലെ ഒരു വത്തമാനപ്പത്രത്തിൽ എഴുതി കാണുന്നു. ഉദ്ദേശം അഞ്ചു തോല പുകയില പത്തു തോല വെള്ളത്തിൽ പിഴിഞ്ഞരിച്ച് ആ വെള്ളം കടിയേററ ആളിന കൊടുക്കണം. കടിയേററ ആറംക്ക ബോധമില്ലാത്ത പക്ഷം ആ വെള്ളം അയാളുടെ വായിൽകൂടിയൊ മൂക്കിൽ കൂടിയൊ എങ്ങനെ എങ്കിലും ഉള്ളിലേക്ക ഒഴിക്കണം. ഇതിന്റെ ഫലമായി ദുഷ്ടുകറം തുടരെത്തുടരെയായി ഛർദ്ദിച്ചുതുടങ്ങും. ഛർദ്ദിയോടുകൂടി വിഷശക്തി കുറഞ്ഞുവരുകയും, ക്രമേണ പൂണ്ണസുഖത്തെ പ്രാപിക്കുകയും ചെയ്യും എന്നാണ് പ്രസ്താവിച്ചു കാണുന്നത്.

---


## SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

യോഗേശ ചന്ദ്രഘോസ്, എം. എ., എഫ്. സി. എസ്സ്.

ആയുവേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങറം.

ഔഷധപ്പട്ടിക ആവശ്യക്കാക്ക വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

മകരദ്ധ്വജ (സ്വണ്ണസിന്ദൂരം.) ത്രിദോഷങ്ങറം കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങറംക്കും സിദ്ധൌഷധമാകുന്നു. ഇതു് ശരീരത്തിനും മനസ്സിനും ഓജസ്സും ശക്തിയും വദ്ധിപ്പിച്ച് ജീവിതം സന്തോഷമുള്ളതാക്കിത്തീക്കുന്നു.

ഒരു തൂപാത്തുകത്തിന് ക. ൪

ശാരിബാദിസരസം. ഇതു് ഉഷ്ണപ്പുണ്ണിന് കൈകണ്ട മരുന്നാണ് രസദസവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങറം, രക്തദുഷ്ട്യം ഇവയ്ക്കും വിശേഷപ്പെട്ടതു്.

ഒരുദസറിന് ക. ൩

സുഖരസഞ്ജീവനി. ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിന ക. ൧൬

അശ്വഗന്ധാവലേഹം:- ഇതു സ്ത്രീകളുടെ അസൃഗ്ദരം മുതലായ ആത്തവ സംബന്ധമായ എല്ലാ രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ൧൬ തവണ സേവിപ്പാനുള്ള ഒരു കുപ്പിക്ക വില ക. ൨. അമ്പതിന ക. ൫.

# പ്രസിദ്ധ ഔഷധങ്ങൾ.




## Malariana മലേറിയാനാ.

ഈ കീർത്തിപ്പെട്ട ഔഷധം മലമ്പനി, വിറപ്പനി, ശീതപ്പനി, ഒന്നരാടൻ പനി. മുറപ്പനി മുതലായ എല്ലാവിധ പനികളെ മാറ്റുകയും, പ്ലീഹോദരം എന്ന വയറ്റിൽ ഉണ്ടാകുന്ന വീക്കത്തെ ഉരുക്കിക്കളഞ്ഞു സമ്പൂർണ്ണസുഖത്തെ നല്കുകയും ചെയ്യുന്നതിനു ഇതു് ഒരു പ്രസിദ്ധ ഔഷധമാണെന്നു എല്ലാവരും അറിഞ്ഞിരിക്കേണ്ടുന്നതാകുന്നു. വില 8 ഔൺസിനു 1 ക. 8 ണ; 1 ഡജനു 16 ക. 8 ണ; 4 ഔൺസിനു 14 ണ; 1 ഡജനു 9 ക. 12 ണ;

**SYRUP SARSAMOGA.** രക്തശുദ്ധീകര ഔഷധം.

ശരീരം മുഴുവനും ചൊറി, ചിരങ്ങ്, കുരു, വ്രണം, വീക്കം മുതലായ രക്തദൂഷ്യത്താലുണ്ടാകുന്ന സർവ്വപീഡകളെയും ഗുണപ്പെടുത്തി, ശരീരത്തെ കാന്തിയും, ശോഭയുമുള്ള സമ്പൂർണ്ണമയമാക്കുവാൻ ശക്തിയുള്ള ഒരു പ്രാണസ്നേഹിതനാണ് സിറപ് സർസ്സ അമോഗ. വില 8 ഔൺസിനു 3 ക. 8 ണ. ചെറിയ കുപ്പി 1ക്കു 1 ക. 14 ണ.

**BABYTONE.** ഗ്രഹണിഅന്തക.

ഗ്രഹണി എന്ന ദീനത്താലോ ക്ഷീണ്ണക്കോശക്രമങ്ങൾ കൊണ്ടോ ശരീരം മെലിഞ്ഞു എല്ലും തോലും മാത്രം ഉള്ള കുട്ടികളെ ബേബിടോൺ എന്ന ഔഷധപ്രയോഗത്താൽ ക്ഷണത്തിൽ കൈകാലുകൾക്കും, ഞരമ്പുകൾക്കും രക്തചലനവും ശക്തിയും വരുത്തി രോഗം കാത്തുരക്ഷിക്കുന്നവളായ ഉത്തമ മാതാവത്രെ. വില 4 ഔൺസിനു ക. 4 ണ.

**EAR OIL.** ചെവി ചോരുന്നതിനു.

ചെവിട്ടിൽ വേദനയുണ്ടായി ചെവിക്കുളായ്ക, ചെവിയിൽനിന്നു ചലംവരുക, നാറ്റം പുറപ്പെടുക എന്നിങ്ങനെ പലതരമുള്ള ദീനങ്ങളെയും ഇയർഓയിൽ എന്ന എണ്ണ സുഖപ്പെടുത്തുന്നതാകുന്നു. വില ½ ഔൺസിനു 8 ണ; 1 ഔൺസിനു 14 ണ.

**SYRUP CARDUS.** പിത്തഹരൌഷധം.

ഉറക്കമില്ലായ്മ, തലതിരിച്ചൽ, പിത്തം ഛർദ്ദിക്കൽ. കൈകാൽതളർച്ച, ശരീരം കഴയ്ക്കുക, മലമൂത്രങ്ങളുടെ അക്രമം, നെഞ്ഞുനീറൽ ഇവയെല്ലാം ഗൃഹഹിംസകന്റെ പീഡകളല്ലയോ? എന്നാൽ ഈ സിറപ് കരള്‍ ഗ്രന്ഥൻ എന്നവയുടെ എല്ലാ കേടുകളെയും നിരാകരിച്ച ശരീരത്തിനു പുഷ്ടിയും ആരോഗ്യവും വർദ്ധിപ്പിക്കുന്ന ഒരു മിത്രമാണെന്നതിനു സംശയമില്ല. വില 8 ഔൺസിനു 3ക. 8ണ. ചെറിയ കുപ്പി 1ക്കു 1ക. 14ണ.

**RINGWORM BALM.** ത്വക്ക്‌രോഗത്തിനു

ശരീരത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന പുഴുക്കടി, തഴുതണം, വരട്ടുചൊറി, ചിരങ്ങ്, വ്രണം, ചുണങ്ങ് എന്നിവയെ ക്ഷണത്തിൽ സുഖപ്പെടുത്തും. വില ഡബ്ബി 1 നു 5 ണ; 1 ഡജനു 3 ക.

ചികിത്സാസംബന്ധമായ പുസ്തകം സൌജന്യമായി ആവശ്യക്കാർക്കു അയച്ചുകൊടുക്കുന്നതാണ്. ഇതിനുപുറമെ ഹോമിയോപ്പതിയും ടിഷ്യൂമരുന്നുകളും ആവശ്യംപോലുണ്ട്.

THE MALARIANA Co.
8 Hampankatta,
Mangalore S. K.

ദി മലേറിയാനാ കമ്പനി,
8 ഹംപൻകട്ട,
മംഗലാപുരം.

Reg. No. C. 130.

# പഞ്ചാംഗം.

| ൧൧൧൦ | മകരം - കുംഭം. | | | ഫെബ്രുവരി ൧൯൩൫. |
|---|---|---|---|---|
| ൧൯ | 1 | വെ | വി. | ഇഗ്നാസി. |
| ൨൦ | 2 | ശ. | ✳ | ഏ. ഭാ. ക. മ. ശുദ്ധീകരണം. |
| ❂ | 3 | ഞാ. | ✠ | വി. ബ്ലാസിയൂസ്. |
| ൨൨ | 4 | തി. | വി. | അന്ത്രകർസിനി. |
| ൨൩ | 5 | ചൊ. | വി. | അഗത്താ. |
| ൨൪ | 6 | ബു | വി. | ദൊറോത്തെയാ. |
| ൨൫ | 7 | വ്യാ. | വി. | റൊമുവാൾദ്. |
| ൨൬ | 8 | വെ. | വി. | യോ. മാത. |
| ൨൭ | 9 | ശ. | വി. | അപ്പൊലോനിയ. |
| ൨൮ | 10 | ഞാ. | ✠ | വി. സ്കൊളാസ്തിക്കാ. |
| ൨൯ | 11 | തി. | | ക. മ. ലൂർദ്ദിൽ പ്രത്യക്ഷം. മൂന്നു നോമ്പു |
| ൩൦ | 12 | ചൊ. | വി. | ദിവന്നാരന്ന്യാസ്. (ഇ വി) |
| ൧ | 13 | ബു. | വി. | എവുപ്രസീനാ ക. (ഇ വി) |
| ൨ | 14 | വ്യാ. | വി. | തെലെസ്ഫൊറോ പാ. |
| ൩ | 15 | വെ. | വി. | പത്രോസ് തോമാ. |
| ൪ | 16 | ശ. | വി. | ഒനാപ്രിയാസ്. |
| ൫ | 17 | ഞാ. | ✠ | വി. അലെക്സിസ്. |
| ◎ | 18 | തി | വി. | ശെമയോൻ. |
| ൭ | 19 | ചൊ. | വി. | ഗെബിനൊ. മെ |
| ൮ | 20 | ബു. | വി. | സാദോത്ത്. |
| ൯ | 21 | വ്യാ. | വി. | സെവറിയൻ. |
| ൧൦ | 22 | വെ. | വി. | പപ്പിയാസ്. |
| ൧൧ | 23 | ശ. | വി. | പത്രൊ. ദമിയാനൊ. |
| ൧൨ | 24 | ഞാ. | ✠ | മത്ഥ്യാസ്ലീഹാ. |
| ൧൩ | 25 | തി | വി. | താരാസിയൂസ്. |
| ൧൪ | 26 | ചൊ | വി. | അലക്സാണ്ടർ. |
| ൧൫ | 27 | ബു | വി. | ലിയാൻഡർ. |
| ൧൬ | 28 | വ്യാ. | വി. | റൊമാനൂസ്. |

✠ എല്ലാവർക്കും കടമുള്ള ദിവസം. ✳ സുറിയാനിക്കാർക്ക് കടം.

Printed at the "Little Flower" Press and published by Fr. Anastasius T. O. C. D.
THEVARA, ERNAKULAM, S. INDIA.